# YOUTH VISION

Where there is no vision, people perish



# YOUTH VISION

Where there is no vision, people perish

## Contents

എഡിറ്റോറിയൽ .......... 1
ഇടയസന്ദേശം.......... 2
മൗനത്തിന്റെ സൗന്ദര്യം .......... 3
From His Holiness The Dalai Lama .......... 5
ആത്മശുദ്ധീകരണവും ആത്മനിർവൃതിയും .......... 6
Why did Jesus fold the linen burial cloth after His resurrection? .......... 8
Anointing of the oil on the sick is a sacrament of healing.......... 9
Passion Week 2016..........10
അരാവല്ലി ഭക്തിനിർഭരമായ പെരുന്നാളും പദയാത്രയും..........11
ഡൽഹി ഭദ്രാസന തലമുറസംഗമം പഴയസെമിനാരിയിൽ ..........12
Visit to St. George Orthodox Church, Haridwar ..........13
Nehemiah: The Captive Who Became a Leader .......... 15
പാമ്പാടി തിരുമേനിയുടെ ജീവിതഫലകങ്ങൾ .......... 16
ഡൽഹി ഭദ്രാസനത്തിലെ യുവപ്രതിഭകൾ .......... 17
പരി.വട്ടശ്ശേരിൽ തിരുമേനി സഭാസ്നേഹത്തിന്റെ ഉടമ..........19
kudil meet..........21
അഗ്നിജ്വാലയിൽ തേങ്ങി കേരളം..........23



സ്വർഗ്ഗാരോഹണത്തിനുശേഷം വരുന്ന പത്ത് ദിനങ്ങൾ പരിശുദ്ധാത്മ നിറവിനായുള്ള കാത്തിരിപ്പിന്റെതാണ്. പരിശുദ്ധ നോമ്പിൽ നാം ആർജ്ജിച്ച കൃപകൾ പരിശുദ്ധാത്മ നൽവരത്തിന്റെ പുതുക്കപ്പെടലോടെ പരിപൂർണ്ണതയിലേക്ക് എത്തുന്നു. അതിന്റെ പ്രതിഫലനം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോഴാണ് അഥവാ മറ്റ് സഹജീവികൾക്ക് അനുഭവപ്പെടുമ്പോഴാണ് നാം നോറ്റ നോമ്പ് അർത്ഥവത്താകുന്നത്. വിശുദ്ധിയോടെ, ഒരുക്കത്തോടെ ആ പരിശുദ്ധാത്മനിറവിനായി കാത്തിരിക്കാം.

Vol. 19 No. 3
January-March - 2016

For Private Circulation Only

**President**
Rev. Fr. Shaji George

**Vice President**
Rev. Fr. Johnson Iype

**Secretary**
Shinil Baby Thomas

**Treasurer**
Sotter A.P.

**Executive Editor**
Jojy Vazhuvady

**Circulation Manager**
Wilson George

**Editorial Board**
V.M. Markose
Jeebo George
Samuel George
Varghese Mohan

# എഡിറ്റോറിയൽ

## അടിച്ചമർത്തപ്പെടുന്നവരുടെ ഉയിർത്തെഴുന്നേല്പ്

വീണ്ടും ലോകം ഒരു ഈസ്റ്റർ ആഘോഷിക്കപ്പെടുമ്പോൾ ചില പുതിയ ഉയിർത്തെഴുന്നേല്പുകൾക്ക് ലോകം സാക്ഷിയാകുന്നു. തങ്ങളുടെ അധികാരവും ആഡംബരവും നഷ്ടമാകും എന്ന് അധികാരവർഗ്ഗം പേടിക്കുമ്പോൾ തങ്ങൾക്ക് എതിർശബ്ദം ഉയർത്തുന്നവരെ അടിച്ചമർത്താൻ ശ്രമിക്കുന്നു. പക്ഷേ അത് ഒരു പുതുജീവൻ ആണ് ലഭ്യമാക്കുന്നത് എന്ന ലോക ചരിത്രം നമുക്ക് മുന്നിലുണ്ട്. ക്രിസ്തു ഒരു ഭരണാധികാരിയായി തീരും എന്ന് ഭയന്ന ഭരണകൂടം ഇനി ആരും എതിർ ശബ്ദം ഉയർത്തരുത് എന്ന ദുഷ്ടലാക്കോടെയാണ് പരസ്യമായി ക്രൂശിക്കാൻ ഉത്തരവിടുന്നത്. എന്നാൽ ആ കുരിശ്, ലോകജനതയുടെ രക്ഷായടയാളമായി ഇന്ന് മാറിയിരിക്കുന്നു. ദേവാലയത്തെ ആരാധനയ്ക്കപ്പുറം കച്ചവടസ്ഥാപനമാക്കി മാറ്റിയ പുരോഹിതവർഗ്ഗത്തിൻെറ തിന്മക്കെതിരായ ചാട്ടവാറിൻെറ മറുപടി ക്രിസ്തു സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങി സഹനസമരത്തിന് മാതൃകയാവുകയായിരുന്നു. ഈ സഹനം ആണ് രണ്ടായിരത്തോളം വർഷത്തിനു ശേഷവും ക്രിസ്തുനാമം വിസ്മരിക്കാതെ പോകുന്നതിൻെറ മുഖ്യകാരണം.

മതതീവ്രവാദത്തിൻെറയും ഫാസിസ്റ്റ് നയങ്ങളുടെയും ബലിയാടുകളായി അനേകർ ജീവൻ വെടിയുമ്പോൾ നാം ഓർക്കണം തിന്മക്കെതിരെ പോരാടാൻ നമുക്കും ഉത്തരവാദിത്വം ഉണ്ട് എന്ന്. അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ കൂടുതൽ ശക്തിയോടെ തിന്മക്കെതിരെ പ്രതികരിക്കുവാൻ നമുക്ക് കഴിയണം. തങ്ങളുടെയോ വേണ്ടപ്പെട്ടവരുടെ യോ ഒരു പക്ഷേ പരിചയക്കാരുടെയോ ജീവനോ ശരീരത്തിനോ സ്വത്തിനോ ദോഷം വന്നുഭവിക്കുന്നില്ലായെങ്കിൽ ഇതൊന്നും എനിക്കു ബാധകമല്ല എന്ന നിസംഗതയോടെയുള്ള ചിന്ത മനസ്സിൽ കുടിയിരിക്കുന്നിടത്തോളം മറ്റുള്ളവരുടെ വേദനകളെ കാണുവാൻ നമുക്ക് സാധിക്കുകയില്ല. സകല മാനവജാതിയേയും പാപത്തിൻെറ അടിമത്വത്തിൽ നിന്നും വീണ്ടെടുക്കുവാൻ പിതാവിൻെറ ഇംഗിതം നടപ്പിലാക്കുവാൻ ക്രൂശിൽ ബലിയായിത്തീർന്ന ക്രിസ്തുവിൻെറ അനുയായികളെന്നു അഭിമാനിക്കുന്ന ക്രിസ്തീയ ജനത എന്തേ ഇങ്ങനെയായി?. നാളെ ഇവ നമുക്കു നേരെ വന്നു കൂടായ്കയില്ലല്ലോ.

ഹൃദയം നുറുങ്ങിയവരുടെ പ്രാർത്ഥന ദൈവം ചെവിക്കൊള്ളുമെന്നുള്ളതിനാൽ, തീവ്രവാദികളുടെ കൊടും ക്രൂരതയ്ക്ക് ഇരയാകുന്നവർക്കു വേണ്ടി കണ്ണുനീരോടെ രാത്രിയുടെ യാമങ്ങളിൽ മുട്ടിന്മേൽ നിന്നുകൊണ്ട് അന്തരാത്മാവിലുയരുന്ന പ്രാർത്ഥനാമന്ത്രങ്ങളാൽ നമുക്കും അവരോടൊപ്പം ചേരാം. അവർ അനുഭവിക്കുന്ന യാതനകൾ നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന അതേ ഭാവത്തിൽ നമുക്കും പ്രാർത്ഥിക്കാം. ക്രൈസ്തവരെ പീഡിപ്പിച്ചുകൊണ്ടിരുന്ന ശൗലിനെ മാനസാന്തരപ്പെടുത്തി പൗലോസാക്കി മാറ്റിയ ക്രിസ്തുനാഥൻ ഇന്നും ജീവിക്കുന്നു. ആ ക്രിസ്തു, തീവ്രവാദികളെയും അതിലേക്ക് അവരെ തള്ളിവിടുന്നവരുടെയും മനസ്സിലും ജീവിതത്തിലും രൂപാന്തരം വരുത്തുവാൻ നമുക്കു പ്രാർത്ഥിക്കാം, ഉപവസിക്കാം. വ്യക്തികളായും കുടുംബങ്ങളായും സമൂഹമായും പീഡിതരോട് പ്രാർത്ഥനയിൽ ഐക്യപ്പെടാം.

വ്രതശുദ്ധിയിലൂടെ നമുക്ക് ദൈവതേജസ് പ്രാപ്യമാക്കാം. ഒപ്പം ആ വിശുദ്ധിയുടെ കിരണങ്ങളെ പീഡകരുടെ മനഃമാറ്റത്തിനായി പ്രതിഫലിപ്പിക്കാം. ലോകസമാധാനത്തിനായി, ‘നിങ്ങൾക്ക് സമാധാനം’ എന്ന ഉത്ഥിതനായ ക്രിസ്തുവിൻെറ ആദ്യവചനം, അസമാധാനത്തിലിരിക്കുന്നവർക്ക് പ്രത്യാശ പകരുന്ന ഒന്നാകുന്ന ഒരു പുതിയ ഉയിർപ്പിൻെറ പുലരിക്കായി കാതോർക്കാം. സർവ്വശക്തനായ ദൈവം കരുണ ചൊരിയട്ടെ.

കൊല്ലം പരവൂരിൽ ഉണ്ടായ വെടിക്കെട്ട് ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ആദരജ്ഞലികൾ അർപ്പിക്കുന്നതോടൊപ്പം ഈ ദുരന്തത്തിന് കാരണക്കാരായവരുടെ അനാസ്ഥയ്ക്ക് നിയമം അനുശാസിക്കുന്ന ശിക്ഷ നല്കണമെന്ന് ശക്തമായി ആവശ്യപ്പെടുന്നു. മതാചാരങ്ങൾക്ക് അനുയോജ്യമല്ലാത്ത ഇത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്തുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും .

ജോജി വഴുവാടി

ദൈവത്തിൻെറ അനുഗ്രഹം നമ്മോടൊപ്പമുണ്ടെങ്കിൽ നമുക്കൊന്നിനും കുറവുണ്ടായിരിക്കുകയില്ല. അപ്പോൾപ്പിന്നെ നാമെന്തിനു ഭൗതികനന്മകൾ എണ്ണിയെണ്ണിപ്പറഞ്ഞു വാങ്ങുന്നതിന് വ്യഗ്രത കാണിക്കണം.

# വ്രതശുദ്ധിയിലൂടെ ദൈവതേജസ്സിലേക്ക്

ഫാ. ഷാജി ജോർജ്
വികാരി, സെൻറ് മേരീസ് കത്തീഡ്രൽ, ഹോസ്ഖാസ്

സർവശക്തനായ ദൈവത്തിന്റെ അതിരറ്റ കരുണകളാലും കരുതലുകളാലും ഒരു പ്രാവശ്യം കൂടി വലിയ നോമ്പിന്റെ അനുഭവങ്ങളിലുടെ കടന്നുപോകുവാൻ ഇടയാക്കിയ ദൈവത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തുതിക്കാം. പരിശുദ്ധ നോമ്പ് എന്നതിൽ പ്രധാനമായും മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. പ്രാർത്ഥനയും, ഉപവാസവും, ധ്യാനവും ഇവ മൂന്നും പരസ്പര പൂരകങ്ങളാണ്. ഇവയിൽ നിന്ന് ഒന്ന് അടർത്തിയെടുത്ത് പരിശുദ്ധ നോമ്പിനെപ്പറ്റി ചിന്തിക്കുന്നത് സാദ്ധ്യമല്ല. പരിശുദ്ധ നോമ്പ് ജയത്തിന്റെ അടയാളവും, ശത്രുവാകുന്ന ദുഷ്ടന്റെ നേരേ തോല്ക്കാത്ത ആയുധവും ആകുന്നു എന്നാണല്ലോ നാം പ്രാർത്ഥിക്കുന്നത്.

നോമ്പ് കാലം മറ്റുള്ള ദിവസങ്ങളെക്കാൾ വിശേഷതകൾ ഉള്ളതാണ്. പ്രാർത്ഥനകളുടെയും ജീവിതശൈലികളുടെയും വ്യതിയാനം പ്രത്യേകം പ്രസ്താവ്യമാണ്. നോമ്പ് മൺമയരായ മനുഷ്യരെ മാലാഖകൾക്ക് സമാന്മാരാക്കുന്നു എന്നത് നോമ്പിലൂടെ ആർജ്ജിച്ചെടുക്കാവുന്ന അതിശ്രേഷ്ഠമായ അവസ്ഥയാണ്. നോമ്പിന്റെ അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ പൈശാചിക പരീക്ഷണങ്ങളും, പ്രലോഭനങ്ങളും ഒപ്പം ഉണ്ട് എന്ന കാര്യവും വിസ്മരിച്ചുകൂടാ.

വലിയ നോമ്പിലെ പ്രാർത്ഥനയിൽ നാം നോമ്പിന്റെ ആവശ്യകതയും, നോമ്പിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങളുടെയും, പ്രാപ്യമാകുന്ന തേജസ്ക്കരണത്തിന്റെ അനുഭവങ്ങളെയും കുറിച്ചുള്ള അനേക പ്രതിപാദനങ്ങളും, അവയെ സാംശീകരിച്ച് തേജസ്കരിക്കപ്പെട്ട വ്യക്തിത്വങ്ങളെയും കുറിച്ച് ധ്യാനിക്കുന്നു. അതിൽ വളരെയേറെ ആത്മവിവശതയുണർത്തുന്ന ചില കാര്യങ്ങൾ കുറിക്കുന്നു.

പരിശുദ്ധ പ്രവാചകന്മാരുടെ ദീർഘദർശനപ്രകാരം പരിശുദ്ധ കന്യകമറിയാമിൽ നിന്നും താൻ മനുഷ്യനായി ജനിച്ചു. ഭൂമിയിൽ ഞങ്ങളോടൊന്നിച്ച് ഞങ്ങളെപ്പോലെ പ്രത്യക്ഷനായി കല്പനലംഘനത്തിനുമുമ്പ് ഞങ്ങളിരുന്ന സ്ഥിതിയിലേക്ക് ഞങ്ങളെ തിരിപ്പിക്കുന്നതിന് വിശുദ്ധവും വിശുദ്ധി നല്കുന്നതുമായ നോമ്പിനെ താൻ സ്വീകരിച്ചു. നോമ്പു മൂലം ദുഷ്ടപ്രവൃത്തിയായ ആകുൽക്കറുസായോട് പോരാടി. അവനെ തന്റെ അധികാരത്തിൽ നിന്ന് വിടർത്തി. സീനായ് പർവതത്തിൽ വച്ച് പ്രവാചകനായ മോശയുടെ



മുഖത്തിന് ശോഭ വരുത്തി ദൈവത്തെ അഭിമുഖമായി കാണിച്ച നോമ്പ്. ഏലീയാ ദൈവത്തെ പ്രസാദിപ്പിക്കുകയും തന്നെ നശിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്ന ഇസബേലിന്റെ വഷളത്തരം വെളിപ്പെടുത്തകയും ചെയ്ത നോമ്പ്. ഹാനനിയ ആദിയായ കുഞ്ഞുങ്ങളെ ശക്തരാക്കുകയും അഗ്നിജ്വാലയെ കെടുത്തുകയും രാജാവിനെയും അയാളുടെ ദേവനെയും അനാദരിക്കുകയും ചെയ്ത നോമ്പ്. നിനുവായക്കാരെ ഉന്മൂലനാശത്തിൽ നിന്നും, ശിക്ഷയിൽനിന്നും, മരണദണ്ഡനത്തിൽ നിന്നും രക്ഷിച്ച നോമ്പ്.

ആത്മാവിനെ നിർമ്മലമാക്കി സ്വർഗീയ സൈന്യങ്ങളുടെ സാദൃശ്യവും, ഭംഗിയും കൊടുക്കുന്ന നോമ്പ്. ദൈവത്തിൽ നിന്നും തെറ്റിപ്പോയ ആടിനെ തിരിച്ചുകൊണ്ട് വന്ന് പുത്രസ്വീകാരത്തിന്റെ അവകാശത്തിൻ ഉറപ്പിക്കുന്ന നോമ്പ്. പാപവികാരം പൂണ്ട ദാതാവിനെ നീതികരിച്ച് അതിന് മാലാഖയുടെ സാദൃശ്യം കൊടുക്കുന്ന നോമ്പ്. ഇങ്ങനെ എത്രയോ ആഴവും, ദീപ്തവുമായ ഉപമകളും, ഉദ്ദേശങ്ങളും, നോമ്പിലൂടെ നാം പ്രാപിക്കേണ്ടതായിട്ടുണ്ട് എന്ന് നാം ഓർക്കണം.

പരിശുദ്ധ നോമ്പിലൂടെ ദൈവതേ ജസ്സിലേക്ക് ആനയിക്കപ്പെട്ട അനേക ഭക്തജനഗണത്തിൽ നാമും ഉയർത്തപ്പെടണമെങ്കിൽ മൂന്നു കാര്യങ്ങൾ നാം ഓർക്കണം.

01. നോമ്പ് സ്വയവബോധത്തിന്റെ കാലഘട്ടം
02. നോമ്പ് ഹൃദയസംസ്ക്കരണത്തിന്റെ കാലഘട്ടം.
03. നോമ്പ് ആത്മശരീരമനസ്സുകളെ ഒരു സുഗന്ധ ധൂപമായി ദൈവസന്നിധിയിൽ ഏകാഗ്രമനസ്സോടെ സമർപ്പിക്കുന്ന കാലഘട്ടം.

ഇങ്ങനെ ഈ പരിശുദ്ധനോമ്പ് നമുക്കേവർക്കും തേജസ്കരണത്തിനും മാലാഖമാർക്ക് സമന്മാരായിത്തീർക്കുന്ന അനുഭവത്തിലേക്കും നമ്മെ ഉയർത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Please send your articles, advertisement and suggestions to :

**The Editor, Youth Vision**
St. Mary's Orthodox Cathedral,
C-3, Safdarjung Development Area, Hauz Khas, New Delhi - 110016

**Tel : 26960242, 26864303, 9911770519**

E-mail : youthvisiondelhi@gmail.com
website : www.smorthodoxcathedraldelhi.org

# മൗനത്തിന്റെ സൗന്ദര്യം

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ



സങ്കീർത്തനം 46–ന്റെ 10–ൽ "മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിക" എന്ന വാക്യമാണ് ഈ വിഷയത്തിന്റെ അടിസ്ഥാന ശില. ആയതിനെ ആധാരമാക്കി വിവിധ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കാം.

**1) ചരിത്ര പശ്ചാത്തലം :**

ബി.സി. 701 നോട് അടുത്ത് അസീറിയൻ രാജാവായ സെൻഹരീബ് യഹൂദ രാജ്യത്തെ ആക്രമിക്കുകയും, അവരെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. ഹിസ്ക്യാവ് രാജാവ് സെഹരീബുമായി ഒത്തുതീർപ്പിൽ എത്തുകയും കപ്പം കൊടുത്തുകൊള്ളാമെന്ന് നിശ്ചയിക്കുകയും ചെയ്തു. എന്നാൽ പിൽക്കാലത്ത് ഹിസ്ക്യാവ് ആ പതിവ് നിർത്തലാക്കുന്നു, ആയതിൽ ക്രുദ്ധനായ സെൻഹരീബ് വലിയൊരു സൈന്യവുമായി യഹൂദയെ ആക്രമിക്കുവാൻ വരുന്നു. അവന്റെ വെല്ലുവിളി യഹൂദരാജാവ് ആശ്രയിക്കുവാൻ സാദ്ധ്യതയുള്ള രാജ്യങ്ങളേയും, അതിലുപരിയായി യഹോവാം ദൈവത്തെ കളിയാക്കി കൊമായിരുന്നു. ഈ വിഷയമറിഞ്ഞ് ഹിസ്ക്യാവ് രാജാവ് ദൈവാലായത്തിൽ ചെന്ന് കണ്ണീരോടും, ഹൃദയ വേദനയോടും ദൈവത്തോട് പ്രാർത്ഥിക്കുന്നു. അന്ന് യഹൂദ മഹത്വമുള്ളവനായ യെശയ്യായുടെ ആത്മീയ നേതൃത്വത്തിൻ കീഴിലായിരുന്നു. ഈ വിവരങ്ങളെല്ലാം യെശയ്യായുടെ പ്രവചന പുസ്തകം 36, 37 അദ്ധ്യായങ്ങളിൽ കാണാം. പ്രവാചകൻ യഹൂദ രാജാവായ ഹിസ്ക്യാവിനെ ദേവാലയത്തിൽ ചെന്ന് കാണുകയും, ദൈവീക വെളിപാട് അറിയിക്കുകയും ചെയ്യുന്നു. "നീ ഭയപ്പെടേണ്ടാ, അവർക്ക് ഒരു വിഭ്രമം ഞാൻ വരുത്തും" ഈ വിഷയത്തോട് ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ ടിപ്പു സുൽത്താന്റെ പടയോട്ട കാലത്ത് കുന്നംകുളത്തെ ആക്രമിച്ച് നമ്മുടെ പുരോഹിതരിൽ ഒരാളെ വധിക്കുകയും, ദൈവാലയത്തിന് തീ ഇടുവാൻ ശ്രമിക്കുകയും ചെയ്തു. എങ്കിലും, അയാളുടെ മാതൃദേശത്ത് എന്തോ പ്രശ്നമുണ്ടായപ്പോൾ തിരിച്ച് പോകേണ്ടി വന്നു എന്നതിനെ ഓർമ്മപ്പെടുത്തുന്നു. മുൻപറഞ്ഞ പശ്ചാത്തലത്തിൽ കോരഹ്പുത്രന്മാർ കവനം ചെയ്ത കവിതയുടെ അഥവാ സങ്കീർത്തനത്തിന്റെ അവസാന ഭാഗത്ത് നിന്നാണ്. "മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിക" എന്നുള്ളത്. അതിൽ നിന്നാണ് മൗനത്തിന്റെ സൗന്ദര്യം ഉത്ഭൂതമായിരിക്കുന്നത്.

**2) മൗനത്തിന്റെ സൗന്ദര്യം**

കവി ഇപ്രകാരം പാടുന്നു : "മൗനത്തിൻ ത്രിവേണി സ്നാനം ചെയ്ത്– അഴലിൻ ആഴി കടന്നു ഞാൻ"

മൗനമായിരിക്കുന്ന വ്യക്തി ഉള്ളിലേക്ക് ഒതുങ്ങുകയല്ലാ, ദൈവത്തിൽ ആശ്രയിച്ച് പുതുക്കപ്പെട്ട തീരുമാനം എടുക്കുകയാണ് ചെയ്യുന്നത്. വാക്കുകളുടെ ബഹളത്തിലല്ല, മൗനത്തിന്റെ ഏകാന്തതയുടെ ആഴത്തിലാണ് പുതിയ കാര്യങ്ങൾ തീരുമാനമെടുക്കുവാൻ കഴിയുക. ഒരു ചിത്രശലഭവും കുഞ്ഞുമായുള്ള സംഭാഷണം ഒരു കവി കാവ്യഭാവേന ചിത്രീകരിക്കുന്നത് കാണുക. കുഞ്ഞ് ചോദിക്കുന്നു, "നീ ഇത്ര സുന്ദരിയായതെപ്പോൾ ? ചിത്രശലഭം പറയുന്നു" ഞാൻ നിന്റെ തേൻമാവിലെ ഇലകൾ ചവച്ചു തുപ്പി, നിന്റെ തേൻമാവും നിന്റെ മുറ്റവും വൃത്തികേടാക്കിയിരുന്നു. അതിനുശേഷം ഞാൻ കുറെനാൾ മൗനതയിൽ ആയിരുന്നു, അതിൽ നിന്ന് ഞാൻ രൂപാന്തരം പ്രാപിച്ച് ഈ മനോഹര അവസ്ഥയിലായി. കവി പാടി നിർത്തുന്നു.

" പാറിപ്പറന്നങ്ങ് ഉയർന്നു പോയ്
പാരിനെ സൃഷ്ടിച്ച ഈശ്വരന്റെ
പാദങ്ങൾ തൊട്ടുവണങ്ങി വന്നു
ഭാരമാകില്ല ഭൂമിക്ക് മേലിൽ"

മൗനത്തിന്റെ സൗന്ദര്യം അത്രക്ക് മനോഹരവും, മനോജ്ഞവും, വിവരണാതീതവുമാണ്.

**3) മോശയുടെ മൗനം**

ആവർത്തനം 34: 12 – 'യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രവാചകൻ ഇസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല'. വേറൊരു ഭാഗത്ത് പറയുന്നു മോശയെപ്പോലെ സൗമ്യനായി വേറൊരാളെ കിട്ടില്ലായെന്ന്. അടിമ വീടായ മിസ്രേമിൽ നിന്ന് വാഗ്ദത്ത വീടായ ഇസ്രായിലേക്ക് ജനത്തെ കൊണ്ടുവരുമ്പോൾ കടൽക്കരയിൽ ജനം എത്തിയപ്പോൾ പിന്നാലെ മിസ്രേം സൈന്യം വരുന്നത് കണ്ടിട്ട്, കടലിനും, സൈന്യത്തിനും ഇടയിലായ ജനം നിലവിളി കൂട്ടുമ്പോൾ സൗമ്യനായ മോശ ശാന്തതയോടെ പറയുന്നു; "നിങ്ങൾ മിണ്ടാതിരിക്കുക" (പുറപ്പാട് 14:14). സീനായ് മലയുടെ താഴ്വാരത്തിൽ ജനത്തെ നിർത്തിയിട്ട് അഹറോനെ ജനത്തിന്റെ മേൽനോട്ടം ഏൽപ്പിച്ചിട്ട് സീനായ് മലയിൽ ദൈവത്തെ മുഖാമുഖം കാണുവാൻ മോശ കയറിച്ചെല്ലുന്നു. നാൽപത് ദിവസം ദൈവത്തിൽ നിന്ന് കേട്ടവനായ മോശ ദൈവം എഴുതിയ പത്ത് കല്പനകളുമായി ഇറങ്ങി വരുമ്പോൾ താഴ്വാരത്തിൽ ആർപ്പു വിളിയും ജയഭേരിയും മുഴങ്ങിയിരുന്നു. കൂടെയുണ്ടായിരുന്നതായ ദൈവം മോശയോട് ചോദിക്കുന്നു, ഞാൻ ഇറങ്ങി വന്ന് ഇവരെ നശിപ്പിക്കട്ടെ എന്ന്. അവിടെയും സൗമ്യനായ മോശ ജനത്തിനും ദൈവത്തിനുമിടയിൽ മദ്ധ്യസ്ഥനായി നിന്ന് ദൈവ കോപത്തെ തടയുന്നു. ജനത്തിനാവശ്യം അഹറോന്റെ കാള

ക്കുട്ടിയും, അഹരോന്റെ ബഹളവുമാണ്. എന്നാൽ മോശയുടെ സൗമ്യതയും, അച്ചടക്കവുമാണ്, ദൈവത്തിന് ഹിതകരമായിത്തീർന്നത്. ഈ അവസരത്തിൽ നാം ഓർത്തിരിക്കേ ഒരു കാര്യമുണ്ട്. ശരീരത്തിൽ വസിക്കുന്നവരും, ശരീരം വിട്ട് ദൈവസന്നിധാനത്തിൽ ആയിരിക്കുന്നതുമായ മദ്ധ്യസ്ഥന്മാർക്ക് പോലും കഴിയാത്ത ചില സന്ദർഭങ്ങൾ ഉണ്ടായേക്കാം. ആ അവസ്ഥയിലേക്ക് നാമും, നമ്മുടെ സമൂഹവും, നമ്മുടെ സഭയും കൊണ്ട് ചെന്ന് എത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതിനുദാഹരണമാണ് സോദോഗോമൊറായെ നശിപ്പിക്കുന്നതിന് മുമ്പ് ദൈവ മുമ്പാകെ മദ്ധ്യസ്ഥതയുമായി നിൽക്കുന്ന അബ്രഹാം പിതാവ്. അവസാന നിമിഷം വരെയും സോദോഗോമോറായുടെ രക്ഷയ്ക്ക് വേണ്ടി അബ്രഹാം പിതാവ് യാചിക്കുന്നു.

**4) നമ്മുടെ കർത്താവിന്റെ മൗനം**

മൗനത്തിന്റെ സൗന്ദര്യം ശരിക്കും നമുക്ക് ദർശിക്കുവാൻ കഴിയുന്നത് നമ്മുടെ കർത്താവിങ്കലാണ്. പാപിനിയായ സ്ത്രീയെ കല്ലെറിയുവാൻ സദാചാരപാലകർ എന്ന് നടിക്കുന്ന ചിലർ കൂട്ടിക്കൊണ്ടുവരുന്നു. നമ്മുടെ കർത്താവ് യാതൊന്നും മിണ്ടുന്നില്ല. (വി.യോഹന്നാൻ 8 അദ്ധ്യായം) അവസാനമായി നിങ്ങളിൽ പാപം ഇല്ലാത്തവർ കല്ലെറിയട്ടെ എന്ന് മാത്രമേ പറയുന്നുള്ളൂ. ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് നമ്മുടെ കർത്താവിന്റെ ക്രൂശാരോഹണ സമയത്തെ മൗനവും, വിസ്താര സമയത്തെ മൗനവുമാണ്. വളരെ ദീർഘമായ മൗനം നമുക്ക് ഇവിടെ ദർശിക്കാൻ സാധിക്കും. രാത്രി 2 മണി മുതൽ പകൽ 10 മണി വരെയുള്ള 8 മണിക്കൂർ, ആറ് വിചാരണകൾ നടന്നതായിട്ട് രേഖപ്പെടുത്തിയിരിക്കുന്നു, ഹന്നാവിന്റെ മുമ്പാകെ (യോഹന്നാൻ 18 : 12–14) കയ്യാഫാവിന്റെ അടുക്കൽ (മത്തായി 26 : 57–68), സന്നിദ്രി സംഘം (മത്തായി 27 : 1–2), ലൂക്കോസ് 22 : 63–71), പീലാത്തോസും, ഹേറോദോസും മൂന്നെണ്ണം. അവസാനം അവർ അവനെ കുറ്റവിമുക്തരാക്കുകയും ചെയ്യുന്നു. ഇവിടെയെല്ലാം, മഹത്വമുള്ളവനായ യെശയ്യാ പ്രവചിക്കുന്നതുപോലെ "അറുക്കുവാനുള്ള ആടിനെപ്പോലെ അവർ കൂട്ടിക്കൊണ്ടുപോകപ്പെട്ടും, രോമം കത്രിക്കുന്നവന്റെ മുമ്പാകെ പെണ്ണാടുപോലെ അവൻ മൗനമായിരുന്നു' (യെശയ്യാ 53–7–8). വളരെ ചുരുങ്ങിയ വാക്കുകൾ മാത്രമേ അവിടെ നാം കാണുന്നുള്ളൂ. അതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നത് ക്രൂശാരോഹണ സമയത്തെ മൗനമാണ്. ആറു മണിക്കൂറുകൾക്കുള്ളിൽ ഏഴ് മൊഴികൾ മാത്രമെ നാം കാണുന്നുള്ളൂ. വേദ പണ്ഡിതന്മാർ പറയുന്നു, ഒരു മിനിറ്റ് കൊണ്ട് (ഗ്രീക്ക് ഭാഷയിൽ) പറഞ്ഞ് തീർക്കാവുന്ന നാൽപ്പത്തിയൊന്ന് വാക്കുകൾ മാത്രമേ ഉള്ളൂ എന്ന്. ഏഴ് മൊഴികൾക്കും അർത്ഥവും വ്യാപ്തിയും, വളരെയേറെയാണ്. തന്റെ സുന്ദരമായ മൗനത്തിലൂടെ വാചാലനാകുന്ന ക്രിസ്തുവിനെയാണ് നാം ഇവിടെയെല്ലാം ദർശിക്കുന്നത്.

**5) മൗനത്തിൽ വിരിയുന്ന ധ്യാനവും, ധ്യാനത്തിൽ നിന്ന് ഉത്ഭൂതമാകുന്ന സൗന്ദര്യവും**

മൗനത്തിന്റെ ഉന്നതമായ തലങ്ങളിലേക്ക് എത്തിച്ചേരാനുള്ള മാർഗ്ഗങ്ങളിൽ ഒന്നാണ് ഹൃദയത്തിന്റെ അഗാധങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന ധ്യാനാത്മകമായ ഭാവം. നാം പാടുന്ന സുവിശേഷ ഗാനങ്ങളിൽ "രക്ഷിതാവിനെ കാൺക പാപി നിന്റെ പേർക്കല്ലോ ക്രൂശിൻമേൽ തൂങ്ങുന്നു'' എന്ന് തുടങ്ങുന്ന സുവിശേഷ ഗാനത്തിലെ പ്രസക്തമായ ര് വരികൾ ചൂിക്കാണിക്കട്ടെ.

"ധ്യാനപീഠമതിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ട് കാണുക നീ''

കവി പാടുന്നത് ദൈവീക ജ്ഞാനം മനസ്സിലാകണമെങ്കിൽ ധ്യാനപീഠത്തിൽ കയറണമെന്നാണ്. ധ്യാനത്തിൽ ഇരുന്നുകൊണ്ട് ഉള്ളിലെ കണ്ണുകൊണ്ട് നാം കാണണം, നമ്മുടെ രക്ഷിതാവിനെയും, രക്ഷിതാവിന്റെ രക്ഷ്യണ പ്രവർത്തനങ്ങളെയും ബഹളങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. പലരും അവനവന്റെ താത്ക്കാലിക സുഖാനുഭൂതികളിലാണ് ലക്ഷ്യമിടുന്നത്, അതിലൂടെ അവർക്ക് പലതും നേടുവാനുണ്ട്. മോശയുടേയും, നമ്മുടെ കർത്താവിന്റെയും സുന്ദരമായ മൗനത്തേക്കാൾ അഹറോന്റെ കാളക്കുട്ടിയും, ഹാലിളക്കത്തോടുകൂടിയ തുള്ളിച്ചാട്ടവും, മറിച്ചിടലും, കൂക്കുവിളിയും, സാമ്പത്തിക ലാഭത്തിലുമാണ് ഇന്ന് പലരുടേയും ശ്രദ്ധ. ആയതിനാൽ നമുക്ക് ധ്യാനപീഠത്തിൽ കയറി സങ്കീർത്തനക്കാരൻ 119–ന്റെ 18–ൽ പറയുന്ന പ്രകാരം "നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കണമേ'' എന്ന് പ്രാർത്ഥിക്കാം. ധ്യാനത്തിലൂടെ മൗനത്തിലേക്ക് പ്രവേശിക്കാം.

**6. പ്രാർത്ഥനയും മൗനവും**

വിശുദ്ധ അൻപത് നോമ്പിൽ ഓരോ ഞായറാഴ്ചയിലെയും വായനകളും, ധ്യാനങ്ങളും വിവിധ വിഷയങ്ങൾ കോർത്തിണക്കി ഉള്ളതാണ്, അതിലൊന്നാണ് പ്രാർത്ഥനയുടെ വിവിധ വശങ്ങൾ. ഒന്നാമത്തെ ആഴ്ചയിൽ മദ്ധ്യസ്ഥതയുടെ പ്രാധാന്യം നാം കാണുന്നു. മാതാവിന്റെ വാക്കുകൾക്ക് ചെവികൊടുക്കുന്ന പുത്രൻ തമ്പുരാൻ ആ ദരിദ്ര കുടുംബത്തെ അനുഗ്രഹിക്കുന്നു. അമ്മ മദ്ധ്യസ്ഥത പറയുന്നു എങ്കിലും ഇന്ന് പലരും ചെയ്യുന്നതുപോലെ പേരിനുവേണ്ടി ഒന്നും ചെയ്യുന്നില്ല. രണ്ടാമത്തെ ഞായറാഴ്ച നേരിട്ട് അപേക്ഷിക്കുന്നതിന്റെ പ്രാധാന്യം കുഷ്ഠരോഗി, "നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും'' എന്ന അപേക്ഷയിലൂടെ നമുക്ക് കാട്ടി തരുന്നു. (3) ഒരു സമൂഹത്തിന്റെ കൂട്ടായ പ്രാർത്ഥനയ്ക്ക് ഫലമുണ്ടന്നുള്ളത് തളർവാതരോഗിയെ നാല് പേർ ചുമന്നുകൊണ്ട് വന്നത് കണ്ടിട്ട് നമ്മുടെ കർത്താവ് സൗഖ്യമാക്കുന്നതിലൂടെ കാണുവാൻ കഴിയും. (4) മുട്ടി വിളിക്കുന്നതിന്റെ പ്രാധാന്യമാണ് നാലാമത്തെ ഞായറാഴ്ചയിൽ കാണുന്നത്. ഏലിയാവിന്റെ മുട്ടിവിളിക്ക് സ്വർഗ്ഗത്തിൽ നിന്ന് നീ ഇറങ്ങുന്നത് പൊടുന്നനവെയാണ്. (5) എന്നും ദൈവീകസന്നിധാനത്തിൽ ആയിരിക്കുക എന്നതൊഴിച്ച് പ്രത്യേകമായ ഒരപേക്ഷയും നടത്താത്ത ഒരു വ്യക്തിയെ കൂനിയായ സ്ത്രീയിൽ കാണുന്നു, അവളെ നമ്മുടെ കർത്താവ് അങ്ങോട്ട് ചെന്ന് സൗഖ്യമാകുന്നു. (6) "എല്ലാം അങ്ങേ മഹത്വത്തിനായ്, എല്ലാം അങ്ങേ പുകഴ്ചക്കുമായി തീർന്നീടണമേ ......'' എന്ന കവിയുടെ പ്രാർത്ഥനാ ശകലമാണ് ആറാം ഞായറാഴ്ച ഓർമ്മപ്പെടുത്തുന്നത്. നമ്മുടെ കർത്താവ് തന്നെ കല്പിച്ചരുളി ചെയ്യുന്നു, അവൻ കുരുടനായി പിറന്നത് ദൈവനാമഹത്വത്തിനാണെന്ന്. ഇവിടങ്ങളിൽ ഒന്നും തന്നെ ബഹളങ്ങൾ നാം കാണുന്നില്ല. പ്രത്യുത ദൈവനാമ മഹത്വത്തിന് പ്രാധാന്യം കൊടുക്കുന്നതും ശാന്ത ഗംഭീരവുമാണ്. നമ്മുടെ പ്രാർത്ഥനകളുടെ അളവ് കോൽ മനസ്സിലാക്കണമെങ്കിൽ നമ്മുടെ കർത്താവ് നമ്മോട് പ്രാർത്ഥിക്കുവാൻ പറഞ്ഞ പ്രാർത്ഥനയും, നമ്മുടെ രക്ഷകൻ ക്രൂശ് മരണത്തിനു മുൻപ് പ്രാർത്ഥിച്ച മഹാ പുരോഹിത പ്രാർത്ഥനയും ശ്രദ്ധയോടെ പഠിക്കുകയും, ധ്യാനിക്കുകയും ചെയ്യണം. ഇവയിലൊന്നും പ്രത്യേകമായി ആരെയെങ്കിലും പ്രീതിപ്പെടുത്തുവാനോ, കാര്യസാദ്ധ്യത്തിനുവേണ്ടിയോ ഉള്ള വാക്കുകളോ കാണുന്നില്ല.

എത്യോപ്യ സന്ദർശിച്ചിട്ടുള്ള ആളുകൾ പറയുന്നത്, എത്യോപ്യയുടെ വനാന്തരങ്ങളിൽ കാട്ടുമൃഗങ്ങൾ ജീവിക്കുന്ന സ്ഥലങ്ങളിൽ ഏകാഗ്രമായി ധ്യാനത്തിലിരിക്കുന്ന ആയിരക്കണക്കിന് സന്യാസിമാരെ കാണുവാൻ കഴിയുമെന്നാണ്. അവർ ഏകാഗ്രമായി ദൈവത്തോട് സംസാരിക്കുകയും തങ്ങളുടെ അടുക്കൽ വരുന്നവരോട് മിതമായ ചില വാക്കുകൾ മാത്രം പറഞ്ഞ് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അവരെ സന്ദർശിച്ച് മടങ്ങുമ്പോൾ അനിർവ്വചനാതീതമായ മാനസിക സുഖം മറ്റുള്ളവർക്ക് ലഭിക്കുന്നതായും പറയുന്നു. വാക്കുകളുടെ ബഹുലതയെക്കാൾ ഉൾക്കണ്ണിൽ നിന്നുള്ള ജ്ഞാന ദൃഷ്ടിക്കാണ് പ്രാധാന്യം. അവിടെ നിന്ന് പൊഴിഞ്ഞ് വീഴുന്ന വാക്കുകൾക്ക് വിലയേറിയ മുത്തുകളെക്കാൾ പ്രാധാന്യമുണ്ട്. നമുക്ക് ബഹളങ്ങളും, ബാഹ്യമായആഘോഷങ്ങളും മാത്രമാകാതെ ധ്യാന പീഠത്തിൽ കയറി മൗനത്തിന്റെ സൗന്ദര്യം ദർശിച്ച് ദൈവവുമായി സംഭാഷിക്കാം. അതത്രെ യഥാർത്ഥ പ്രാർത്ഥന.

**7. ആഗമനകാലഘട്ടവും മൗനത്തിന്റെ സൗന്ദര്യവും**

ആരാധനാ കലണ്ടർ പ്രകാരം ഏഴ് കാലഘട്ടമായി ആരാധനാ വർഷത്തെ തിരിച്ചതിൽ ആഗമന കാലഘട്ടമാണ് മൗനത്തിനും ധ്യാനത്തിനും ഏറെ പ്രാധാന്യം നൽകുന്നത്. പ്രകൃതിപോലും ഏറ്റവും സൗന്ദര്യവതിയാകുന്ന കാലഘട്ടമാണത്. ചൂടിന്റെ ആധിക്യം പലയിടത്തും കുറവായിരിക്കും. മഞ്ഞ് വീഴുന്ന സ്ഥലങ്ങളിൽ വടവൃക്ഷങ്ങളുടെപോലും ഇലകൾ കൊഴിഞ്ഞിരിക്കും. ആ വൃക്ഷങ്ങളിലും ഭൂമിയുടെ പ്രതലത്തിലുമെല്ലാം വീണ് കിടക്കുന്ന മഞ്ഞിന്റെ മുകളിൽ സൂര്യപ്രകാശം തട്ടുമ്പോൾ അതിന്റെ പ്രതിഫലനം വിവരണാതീതമാണ്. ഇലകൾ പൊഴിഞ്ഞ മരങ്ങൾ ഒരു പുതിയ തുടക്കത്തിന്റെ ആരംഭത്തിനായി മൗനത്തിലും ധ്യാനത്തിലുമായിരിക്കും. സഭയുടെ കലണ്ടറിൽ വിശുദ്ധരെ ഓർക്കുവാൻ ആദ്യ ആഴ്ചകളിൽ പ്രാധാന്യം കൊടുക്കുകയും അതിന്റെ അവസാനത്തിങ്കൽ ലോകരക്ഷകൻ പിറക്കുകയും ചെയ്യുന്നു. നമ്മുടെ ധ്യാനത്തിലും മൗനത്തിലും ആത്മീയ സൗന്ദര്യമുണ്ടാവുകയും അനന്തരഫലമായി ലോക രക്ഷകൻ നമ്മിൽ ഉണ്ടാവുകയും ചെയ്യട്ടെ.

# FROM HIS HOLINESS THE DALAI LAMA

**Shiny Varghese**

In this world we have many problems but it all comes from here (pointing to his heart). Fear, ambition is what harms... ambition when it is creative and with good motive, it is good for all. It should not be self centred. When it comes from the thought 'I am great', it wipes away everything with it.

There are many non believers in the world, we must make them believers. It doesn't matter if they follow Buddha, God or Allah, but being part of humanity, they must be brought to the fold.

India has many religions but India is a secular country. Secular means respect for other religions; it is there in the Constitution. It's a different meaning in the West, where they believe it is similar to atheism. But in India it has a different meaning. So we must spread awareness to those people who don't believe.

Unless there is peace, love and humanity in the world, nothing material will make people happy. For that, we need peace and compassion in our hearts.



Former Principal of Kottayam Orthodox Theological Seminary
Rev. Fr. Dr. K.M. George, Sh. George Skariya and Mrs. Shiny Varghese
Visits His Holiness Dalai Lama.

# ആത്മശുദ്ധീകരണവും ആത്മനിർവൃതിയും

ഫാ. തോമസ് ജോൺ മാവേലിൽ

"ഓരോ പുതിയ ശിശുവിൻെറയും ജനനം ദൈവസ്നേഹം മനുഷ്യനിൽ നഷ്ടപ്പെട്ടിട്ടില്ല എന്നതിൻെറ തെളിവാണ്". രവീന്ദ്രനാഥടാഗോറിൻെറ പ്രശസ്തമായ ഈ ആപ്തവാക്യം ദൈവസ്നേഹത്തിൻെറ പ്രഖ്യാപനമാണ്. എന്നാൽ "ദൈവം സ്നേഹമാകുന്നു" എന്ന തിരുവചനം ഉപയോഗിച്ച് ഉപയോഗിച്ച് നാം അത് വിലയില്ലാത്തതായി മാറ്റിയിരിക്കുന്നു. ദൈവസ്നേഹം ലംഘിക്കപ്പെട്ട സ്ഥലമാണ് ഏദൻതോട്ടം. നമുക്ക് സങ്കല്പിക്കുവാൻ കഴിയാത്തവിധം സമ്പന്നനായിരുന്നു ആദാമെന്ന ആദ്യമനുഷ്യൻ. എന്നാൽ ദൈവകല്പന ലംഘിക്കപ്പെട്ടപ്പോൾ മുതൽ ബന്ധം തകരാറിലായി. അതിൻെറ കാരണം ആദാം, ഹവ്വായിലും ഹൗവ്വ സർപ്പത്തിലും ആരോപിച്ചു. അതു തിന്നുന്ന നാളിൽ നിങ്ങൾ മരിക്കയില്ല പകരം ദൈവത്തേപ്പോലെയാകും. ദൈവം വ്യാഖ്യാനിക്കാത്തത് സർപ്പം വ്യാഖ്യാനിച്ചു. ഇന്നും ഇത് തുടരുന്നു. ഇവിടെയാണ് നോമ്പിൻെറ പ്രസക്തി.

### സർപ്പം ഇഴയുന്നു മനസ്സിലൂടെ

മുകളിൽ സൂചിപ്പിച്ചതുപോലെ സങ്കല്പിക്കാനാവാത്തവിധം സമ്പന്നനായിരുന്നു ആദാം. ഏദൻതോട്ടം മുഴുവൻ അവനുള്ളതായിരുന്നു. ആകാശത്തിലെ പക്ഷികൾക്കും, കടലിലെ മത്സ്യങ്ങൾക്കും കരയിലെ പല തരത്തിലുള്ള മൃഗങ്ങൾക്കും മുകളിലുള്ള അധികാരിയായിരുന്നു അയാൾ. ഒരു മരത്തിലെ കനി മാത്രം തിന്നരുത് എന്നു പറഞ്ഞു. കനികളെല്ലാം രുചിച്ചുതീരുവാൻ ഈ ആയുസ്സു മാത്രം മതിയാകുകയില്ലായിരുന്നു എങ്കിലും ദൈവം വിലക്കിയ വൃക്ഷത്തിലെ ഫലം മനുഷ്യൻെറ ഉള്ളിലുള്ള മോഹത്തെ പ്രലോഭിപ്പിച്ചു. സത്യത്തിൽ സർപ്പം മരത്തിലൂടെയല്ല മനസ്സിലൂടെയാണ് ഇഴയുന്നത്.

ഇന്നും പ്രലോഭനങ്ങൾ അനവധിയാണ്. മനുഷ്യമനസ്സിലേക്ക് സംശയത്തിൻെറയും കൺഫ്യൂഷൻെറയും വിത്തുകൾ പാകി പിശാച് തൻെറ തന്ത്രങ്ങൾക്ക് തുടക്കം ഇട്ടു. കാപട്യം, വഞ്ചന, ചതി, അഹംഭാവം തുടങ്ങി ദൈവികമല്ലാത്ത തിന്മകളാൽ സമ്പന്നമാണ് ലോകം. മനുഷ്യമനസ്സുകളിൽ നിന്നും, സ്നേഹം, സഹാനുഭൂതി, കരുണ എന്നീ നന്മകൾ എല്ലാം നഷ്ടമായിരിക്കുന്നു. ആധുനിക ലോകം ധൂർത്തിൻെറ ലോകമാണ്. നമുക്ക് ദൈവം ദാനമായി തന്നിട്ടുള്ള ഒന്നിലും സംതൃപ്തിയില്ലാതെ അപരൻെറ കൈയ്യിലുള്ളതിലേക്ക് നോക്കിയിരിക്കുന്ന ഒരു പറ്റം അസംതൃപ്തരായി മനുഷ്യൻ മാറിയിരിക്കുന്നു. സ്വന്തം വീട്ടിലെ വേലക്കാർ പോലും സുഭിക്ഷതയോടെ ജീവിക്കുന്ന സമ്പന്നതയുടെ മടിത്തട്ടിലായിരുന്നു മുടിയനായ പുത്രൻെറ ജീവിതം. പിതാവുമായി കലഹിച്ച് തൻെറ ഓഹരിയുമായി അവൻ നാടുവിട്ടു. കൂടുതൽ പണക്കാരനാകുവാനും ആഡംബരങ്ങളിൽ മുഴുകുവാനും അവൻ ആഗ്രഹിച്ചു. ആത്മീയതയുടെ പേരിൽ നടക്കുന്ന ക്രൂസേഡുകൾ പ്രലോഭനത്തിൻെറ മറ്റു വഴികളാണ്. ദൈവത്തെ കൊടുക്കുന്നതിനു പകരം പ്രലോഭനങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നു. പണമിരട്ടിപ്പിക്കുന്നവനും കള്ളനോട്ട് അടിക്കുന്നവനും, കാമുകൻെറ മധുരമുള്ള വാക്കുകളിൽ വിശ്വസിച്ച് ചാരിത്ര്യം നഷ്ടപ്പെടുത്തുന്ന യുവതിയും പ്രലോഭനത്തിൻെറ ഇരകളാണ്. ഈ പ്രലോഭനങ്ങൾ ഏദൻതോട്ടത്തിൽ ഇഴഞ്ഞിരുന്ന പഴയ സർപ്പത്തിൻെറ ആധുനികരൂപമാണ്.

### യേശുവിന് ഇടമില്ലാത്ത മനസ്സ്



പിറവി കൊള്ളുവാൻ യേശുവിന് സത്രത്തിലിടം കിട്ടിയില്ല. അവിടെ സ്ഥലമില്ലാത്തതുകൊണ്ടല്ല അത് സത്രമായതുകൊണ്ടു മാത്രമാണ് യേശുവിന് സ്ഥലം ലഭിക്കാതെ പോയത്. യേശുക്രിസ്തുവിന് കയറിപ്പറ്റുവാൻ സാധിക്കാതെ പോകുന്ന എല്ലാ ഇടങ്ങളും സത്രങ്ങളാണ്. പക്ഷികൾക്ക് ആകാശവും കുറുനരികൾക്ക് കുഴികളുമുണ്ട്. മനുഷ്യപുത്രന് തല ചായ്ക്കുവാൻ മണ്ണിലിടമില്ല. അപ്പോൾ സത്രം ബേത്‌ലഹേമിൽ അല്ല. ആകാശത്തിലും ഭൂമിയിലും ഇടമില്ലാതെ ക്രിസ്തു മരിച്ചു. പിതാവിൻെറ നെഞ്ചിൽ തല ചായ്ചു മരിച്ചു. ഈ ലോക പരസ്യശുശ്രൂഷയിലും തനിക്ക് പിതാവിൻെറ ചങ്കിൽ മാത്രമാണ് ആശ്വാസം കിട്ടിയത്. ശമര്യദേശക്കാർ അവനെ സ്വീകരിച്ചില്ല. അവനുവേണ്ടി ഒരുങ്ങുവാൻ അവർ തയ്യാറായില്ല. യേശുവിനെ അവർ തിരസ്കരിച്ചു. തലമുറകളായി നീണ്ടു കിടക്കുന്ന വർഗ്ഗീയതയാണ് ശമര്യക്കാർ കാണിച്ചത്. ഇവൻ തച്ചൻെറ മകനല്ലയോ എന്നു ചോദിച്ചുകൊണ്ട് സ്വന്തദേശക്കാരും അവന് ഇടം കൊടുത്തില്ല. ഒടുവിൽ പീലാത്തോസിൻെറ അരമനയിൽ ബന്ധനസ്ഥനായി നിൽക്കുമ്പോഴും അവനിൽ നിന്ന് അനുഗ്രഹങ്ങൾ സ്വീകരിച്ചവരും അനുഗമിച്ചവരും അവനെ ക്രൂശിക്ക എന്നു വിളിച്ചു പറഞ്ഞു. അവരുടെ മനസ്സിലും സ്ഥാനമില്ല. ഇതെല്ലാം ചേർത്തു വെച്ചു നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരു വലിയ നോമ്പുകാലം കൂടി കടന്നുപോയി. നോമ്പിൻെറ പ്രധാന ഒരുക്കങ്ങൾ പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയാണല്ലോ ?. ദേവാലയങ്ങളിലെ ആരാധനകളിൽ നാം സംബന്ധിക്കുന്നു. നോമ്പിനോടനുബന്ധിച്ച് പ്രത്യേക കൂട്ടായ്മകൾ നടത്തപ്പെടുന്നു. എല്ലാം നല്ലതു തന്നെ. ഉപവാസം ഒരു ഭാരമായി മാറുന്നുണ്ടോ? . ഈ ലേഖനം ആരംഭിക്കുന്നതു തന്നെ ഭക്ഷണവുമായി ബന്ധപ്പെട്ടാണ്. മതപരമായ വിവേചനങ്ങൾക്കും, രാഷ്ട്രീയമായ ശത്രുതകൾക്കുമപ്പുറം രണ്ടു വ്യത്യസ്തഗ്രൂപ്പുകൾ സമൂഹത്തിൻെറ നേർപകുതിയാണ്. വയറ് നിറയ്ക്കുവാൻ കഷ്ടപ്പെടുന്നവരും വയറു കുറയ്ക്കുവാൻ കഷ്ടപ്പെടുന്നവരും രണ്ടും വയറിനുവേണ്ടി തന്നെ. മാഗി ന്യൂഡിൽസ് മുതൽ ആരോഗ്യപരിപാലനത്തിനായി ഡോക്ടർമാർ നിർബന്ധിച്ചു കുടിപ്പിക്കുന്ന പാൽ വരെ വിഷമാണെന്ന് ഇൻഡ്യൻ പാർലമെൻറിൽ അവതരിപ്പിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. ഈതൊക്കെയാണ് സത്യമെങ്കിലും ഭക്ഷണനോമ്പിൽ എത്ര മാത്രം നാം ജാഗ്രത കാണിച്ചു. പ്രാർത്ഥനയിൽ എന്തു ശുഷ്കാന്തി പുലർത്തി. ദേവാലയങ്ങളിലെ പീഢാനുഭവവാര ശുശ്രൂഷകളുടെ കണക്കെടുപ്പുപോലും ചില അവസരങ്ങളിൽ സാമ്പത്തിക അടിസ്ഥാനത്തിൽ ആയി പോകുന്നു എന്ന സത്യം വിസ്മരിക്കുവാൻ സാദ്ധ്യമല്ല. കഴിഞ്ഞ വർഷത്തേതിനേക്കാൾ വരുമാനം ലാഭമോ നഷ്ടമോ ?

### ദൈവതേജസ്സിലേക്ക് അഥവാ ശരീരം ദേവാലയമാകണം

ഓർത്തഡോക്സ് ആരാധനയിൽ കൂദാശകളുടെ മകുടം ആണ് വി. കുർബ്ബാന എന്നു പഠിപ്പിക്കുന്നു. എല്ലാ കൂദാശകളെയും പൂർത്തീകരിക്കുന്നതും വി.കുർബാനയിലൂടെയാണ്. പരിശുദ്ധ

നോമ്പിൽ വിശ്വാസികൾ കുമ്പസാരിച്ച് വി.കുർബാന അനുഭവിക്കുന്നു. വി. നോമ്പാകുന്ന വൃതശുദ്ധിയിലൂടെ ദൈവീക തേജസ്കരണം പ്രാപിക്കുവാനുള്ള പരിശ്രമമാണിത്. എന്നാൽ വിശുദ്ധ നോമ്പിനു ശേഷമുള്ള ആരാധനയെക്കുറിച്ചും നമുക്ക് നല്ല അവബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.

ആരാധനയിലെ യാഗപീഠം നമ്മുടെ ശരീരം തന്നെയാണ് "നിങ്ങൾ ദൈവത്തിൻെറ മന്ദിരമാണെന്ന്" വി.പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ഒരുപാട് ദേവാലയങ്ങളിൽ പല സ്വരങ്ങളിൽ ആരാധനയുടെ സംഗീതം ഉയരുന്നു. വിശുദ്ധ കുർബാന തക്സായിൽ തൂയോബയിൽ അനുതാപികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ അനുഗ്രഹം വി.കുമ്പസാരം നടത്തുന്നവർക്കും ലഭിക്കുമല്ലോ.? . വി.കുമ്പസാരം അനുതാപത്തിൻെറ കൂദാശയായതുകൊണ്ട് അനേക ബലിപീഠങ്ങളിൽ നമ്മൾ ഓരോരുത്തരും സ്മരിക്കപ്പെടുന്നുണ്ട്. അതിനാൽ ദേവാലയത്തിൽ തുടങ്ങുന്ന വി.കുമ്പസാരം, വി.കുർബാനാനുഭവം തുടങ്ങിയ ആരാധന ശരീരത്തിലൂടെ തുടർന്നുകൊണ്ടേയിരിക്കുന്നു. ശരീരമാകുന്ന ദേവാലയത്തിൽ ജീവിതം കൊണ്ടുള്ള ആരാധന ഇതാണ്.

യേശുക്രിസ്തു ദേവാലയത്തിൽ പോയിരുന്നു എന്നതിനേക്കാൾ ക്രിസ്തു പോയ സ്ഥലങ്ങൾ എല്ലാം ദേവാലയങ്ങളായി മാറിയതാണ് പ്രധാനം. അവൻ നടന്നു പോയ സ്ഥലങ്ങൾ എല്ലാം വിശുദ്ധ നഗരങ്ങൾ എന്ന് അറിയപ്പെടുന്നു. ക്രിസ്തു വളർന്ന വീടും, പ്രാർത്ഥിച്ച മലകളും, മരിച്ച കാൽവറിയുമൊക്കെ ദേവാലയങ്ങളായി മാറി. ദേവാലയത്തിനുള്ളിൽ ദൈവത്തെ ആരാധിക്കുന്നതു പോലെ പ്രധാനമാണ് ജീവിതമാകുന്ന ആരാധനയിലൂടെ ദേവാലയ ചിന്തകൾ ഉണർത്തുന്നത്.

ദേവാലയങ്ങളിൽ നിന്നും ദൈവാനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ പഴയനിയമം മുഴുവൻ ദൈവാനുഭവങ്ങളിൽ നിന്നും ദേവാലയങ്ങൾ ഉണ്ടായതായി പഠിപ്പിക്കുന്നു. യഹോവയാം ദൈവത്തെ ആരാധിച്ച് ഉപവസിച്ചു ജീവിച്ച നോഹയുടെ ദൈവാനുഭവത്തിൻെറ കഥയാണ് നാല്പത് രാവും പകലും തുടർച്ചയായ മഴക്കെടുതിയും പെട്ടകവും കാണിക്കുന്നത്. ഒടുവിൽ പുതിയ ഭൂമിയിൽ നോഹ ദൈവാനുഭവത്തിൻെറ ഓർമ്മയ്ക്കായി ബലിപീഠം പണിതു. ദൈവത്തെ കണ്ടുമുട്ടിയ ഓർമ്മയ്ക്കായി യാക്കോബ് ബഥേൽ എന്ന സ്ഥലത്ത് സ്മാരകം പണിതു. ഇവയെല്ലാം പിന്നീട് ദേവാലയങ്ങളായി മാറ്റപ്പെട്ടു.

ദൈവം പണിഞ്ഞ ദേവാലയം മനുഷ്യരാണ്. "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധവും ദൈവത്തിൽ പ്രസാദവമായുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ 12:1). മനുഷ്യൻെറ ആത്മീയയാത്രയുടെ അവസാനം വെളിപാട് പുസ്തകത്തിൽ കാണുന്നു "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിൻെറ കൂടാരം." (വെളിപാട് 21:3). ക്രിസ്തുവിൻെറ പരസ്യശുശ്രൂഷയിൽ കർത്താവ് ശിഷ്യന്മാരെ തിരഞ്ഞെടുക്കുമ്പോൾ പത്രോസിനോട് പറയുന്നു "നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും." പത്രോസ് ഒരു പള്ളിയായി രൂപാന്തരപ്പെട്ടു. ജീവിതാന്ത്യത്തിൽ ക്രിസ്തുവിനെപ്പോലെ ക്രൂശിക്കപ്പെട്ട പത്രോസ് ആ പ്രവചനം പൂർത്തികരിച്ചു. ഒരു നോമ്പിൻെറ സമാപനത്തിൽ വ്രതശുദ്ധിയുടെ അൻപത് ദിവസങ്ങൾ നാം കാത്തു സൂക്ഷിച്ചു. ഈസ്റ്ററിനുശേഷമുള്ള നമ്മുടെ ജീവിതം പുനരാലോചനയ്ക്കു വിധേയമാക്കണം. ദൈവതേജസ് നഷ്ടമാക്കാതെ ശരീരമാകുന്ന ദേവാലയം വിശുദ്ധിയോടെ കാത്തുസൂക്ഷിക്കം. ഈ വ്രതശുദ്ധി നമ്മിലുള്ള ദൈവതേജസ്സ് നമ്മെ കാണുന്നവർക്ക് ദർശിക്കുവാൻ ഇടയാകട്ടെ.



ഡൽഹി സെൻറ് സ്റ്റീഫൻസ് കോളേജ് പ്രിൻസിപ്പലായി നിയമിതനായി എത്തിയ ശ്രീ. ജോൺ വർഗീസിന് ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സ്വീകരണം നൽകിയപ്പോൾ.

# Why did Jesus fold the linen burial cloth after His resurrection?

*Fr. Johnson Iype Manjadiyil*

The Gospel of John (20:7) tells us that the napkin, which was placed over the face of Jesus, was not just thrown aside like the grave clothes. The Bible takes an entire verse to tell us that the napkin was neatly folded, and was placed separate from the grave clothes. Early Sunday morning, while it was still dark, Mary Magdalene came to the tomb and found that the stone had been rolled away from the entrance. She ran and found Simon Peter and the other disciple, the one whom Jesus loved. She said, 'They have taken the Lord's body out of the tomb, and I don't know where they have put him!' Peter and the other disciple ran to the tomb to see.. The other disciple outran Peter and got there first. He stooped and looked in and saw the linen cloth lying there, but he didn't go in.

Then Simon Peter arrived and went inside. He also noticed the linen wrappings lying there, while the cloth that had covered Jesus' head was folded up and lying to the side. Was that important? Absolutely! Is it really significant? Yes!

In order to understand the significance of the folded napkin, you have to understand a little bit about Hebrew tradition of that day. The folded napkin had to do with the Master and Servant, and every Jewish boy knew this tradition. When the servant set the dinner table for the master, he made sure that it was exactly the way the master wanted it.. The table was furnished perfectly, and then the servant would wait, just out of sight, until the master had finished eating, and the servant would not dare touch that table, until the master was finished. Now, if the master were done eating, he would rise from the table, wipe his fingers, his mouth, and clean his beard, and would wad up that napkin and toss it onto the table. The servant would then know to clear the table. For in those days, the wadded napkin meant, 'I'm done'. But if the master got up from the table, and folded his napkin, and laid it beside his plate,the servant would not dare touch the table, because.......... The folded napkin meant,'I'm coming back!'



## കാതോലിക്കാദിനാഘോഷം ഹോസ്ഖാസ് കത്തീഡ്രലിൽ

### പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി മുഖ്യാതിഥി

ഹോസ്ഖാസ്, ന്യൂഡൽഹി: മാർച്ച് മാസം 13-ാം തീയതി ഞായാറാഴ്ച ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കാതോലിക്കാദിനം കൊണ്ടാടി. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി മുഖ്യാതിഥിയായി പങ്കെടുത്തു. രാവിലെ പതാക ഉയർത്തിയതിനു ശേഷം പ്രഭാതനമസ്ക്കാരത്തിനും വി.കുർബാനയ്ക്കും അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. കാതോലിക്കാദിന പ്രത്യേക പ്രാർത്ഥനകൾക്കും സഭാദിനപ്രതിജ്ഞയ്ക്കും ശേഷം അഭിവന്ദ്യ തിരുമേനി കാതോലിക്കാദിനസന്ദേശം നല്കി.



**MATRIMONIAL**

Orthodox parents seeks alliance for their daughter (25 years, B/B in Delhi, B Tech comp. Science & working as a QA with a MNC in Bangalore ) invites proposals from qualified professionals.
Contact. Nos. 9971923670 / 9871468698

# Anointing of the oil on the sick is a sacrament of healing

***SHINU SAJU***
*St. Thomas Orthodox Church, Ghaziabad*
*(1st Prize winner of Essay Writing in Youth fest 2016)*

One among the seven sacraments is the 'anointing of the oil on sick', according to Orthodox Christian community. Anointing of the soil on the sick as a great importance in the Orthodox Church, unlike other churches, anointing of oil on the sick is a means of remission of sins which has a got a direct connection with the healing of the sick in the Orthodox church. The protestant nor the Catholic Church consider this sacrament as the last sacrament of man's life on this earth.

This again is one such sacrament which is mistakenly taken as the 'last sacrament' by many of our Christian believers due to their lack of knowledge. Church fathers have taught us that healing of sick is indeed healing of the spirit which means it is remission from persons. Many Orthodox Church believers are frightened of this sacrament as they connect it with a person's end time in earth but in reality this is not true,"Anointing of Oil" can be done on any sick who wants to get healed of his sickness. The question that will arise then is what has healing of the sick got to do with 'remission of sins'. The answer to this question is in the Holy Bible itself. Christ himself as portrayed in St. Mathew and St. John heals the Leper by telling him that your sins are forgiven. It is clearly mentioned in St. John 5:12-16, when leper approaches Christ to get healed. Christ instead of healing him says that, "son your sins are forgiven', and at the same time leprosy leaves his body and he gets healed. Hence Holy Bible itself teaches us that " healing of physical illness is indeed healing of the spirit or remission of sins".

The concept of " Anointing of the oil of the sick' sacrament is that whoever is physically ill and wants to get healed of his/her sickness can ask for the priest or his relative's can ask for getting " anointing of oil" to be done on the ill person. Again the wrong conception that many of the orthodox believers have is that "Holy Mooron" is being used for anointing of the oil, but that is not true , " Saith" oil is taken for the anointing purpose . the priest prays and uses the oil for the anointing purpose. The priest prays and uses the oil for anointing purpose.



This prayer indeed says that person has got redeemed from all his sins. But for the same to happen it is necessary that the ill person should be mentally alive. Hence we can say that 'Anointing of oil' cannot be done on a person who has no consciousness. An unconscious person cannot receive this sacrament because if the person is unconscious, he/she doesn't realize that a sacrament is been conducted out on them, he/she won't be able to confess their sins. Hence this sacrament of anointing of oil on sick is done on ill people who are mentally conscious , who have a realization of his/her past sins, so that when the rites and prayers carried out by the priest the sick person can confess all his sins in his mind to God even if he/she is unable to speak.

Thus we can say that 'anointing of oil on the sick' is the sacrament that has a direct relationship with the sacrament of ' Holy Confession' which is again one among the seven sacraments. Thus the conclusion of this essay would be Orthodox Church teaches that any sick person who is mentally conscious, who has the realization of his/her sins can receive this sacrament .One person who can receive all the seven sacraments is a married priest.

Hence the conclusion would be as according to St. John 5:12-16. Healing of the sick is remission of sins. Also there has been numerous incidents in different churches of Orthodoxy where people who were declared as having no hope of life , got healed by this sacrament of 'anointing of sick". One such incident happened through the hands of Rev. Fr. Varghese on a patient called Sheeba Saji who is a member of Ahmedabad parish of Ahmedabad diocese. Therefore in short it can be stated that the spirit of God resides in this sacrament and it definitely showers blessings the life of the recipient.




ഹോസ്ഖാസ് സെൻറ് മേരീസ് കത്തീഡ്രലിൽ നടന്ന ഡൽഹി ഭദ്രാസന വൈദിക സംഗമത്തിൽ നിന്ന്

# Passion Week 2016






# അരാവല്ലിയിൽ ഭക്തിനിർഭരമായ പെരുന്നാളും പദയാത്രയും




മലങ്കരയിലെ ദ്വിതീയ പ്രഖ്യാപിത പരിശുദ്ധനായ വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നാമത്തിൽ ഉത്തരേന്ത്യയിലെ ആദ്യദേവാലയമായ ഹരിയാനയിലെ അരാവല്ലി മാർ ദീവന്നാസിയോസ് ദേവാലയത്തിൽ ഫെബ്രുവരി 21 മുതൽ 28 വരെ നടത്തപ്പെട്ടു. ഫെബ്രുവരി 21ന് രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം ഫാ. ജോമോൻ ജോർജ്ജ് കൊടിയേറ്റി. അതിനുശേഷം ഗ്രാമനിവാസികൾക്കായി ഭദ്രാസന മെഡിക്കൽ ഫെലോഷിപ്പിൻെറയും ആയാനഗർ, ശാന്തിഗ്രാം മെഡിക്കൽ ടീമംഗങ്ങളുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ കാമ്പ് സംഘടിപ്പിച്ചു.



ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ 8-മത് പദയാത്ര ഫെബ്രുവരി 27ന് അഞ്ച് മണിക്ക് വൈകിട്ട് ആരാവല്ലി കുന്നിൻ താഴ്വരയിൽ നിന്ന് ആരംഭിച്ച് ആറുമണിയോടുകൂടി ദേവാലയത്തിൽ എത്തിച്ചേർന്ന പദയാത്രികരെ ഭദ്രാസന സെക്രട്ടറി വന്ദ്യ എം. എസ് സക്കറിയാ റമ്പാൻ, ഫാ. സാം വി ഗബ്രീയേൽ കോർഎപ്പിസ്കോപ്പാ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. സന്ധ്യാനമസ്ക്കാരത്തിനുശേഷം സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. എം. എസ് വർഗീസ് അനുസമ്രണപ്രഭാഷണം നയിച്ചു.



28-ാം തീയതി ഞായറാഴ്ച രാവിലെ വി.കുർബാനയ്ക്ക് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിച്ചു. നാഗ്പൂരിൽ വച്ച് നടന്ന സൺഡേസ്കൂൾ മത്സരങ്ങളിൽ വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. ധൂപപ്രാർത്ഥന, ആശീർവാദം, നേർച്ചവിളമ്പ് എന്നിവയോടെ പെരുന്നാളിന് കൊടിയിറങ്ങി.



# ഡൽഹി ഭദ്രാസന തലമുറസംഗമം പഴയസെമിനാരിയിൽ

**പ്രഥമ മെത്രപ്പോലീത്തായുടെ കബറിടത്തിൽ ഡൽഹി ഭദ്രാസനത്തിൻെറ തലമുറകൾ ഒത്തുചേരുന്നു.**

ന്യൂഡൽഹി: മലങ്കര ഓർത്തഡോക്സ് സഭ ദേശീയ തലസ്ഥാന നഗരിയുടെ അഭിമാനമായി വളരുവാൻ തക്കവണ്ണം സജീവമായി പ്രവർത്തിച്ച്, ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നതും വിശ്രമജീവിതം നയിക്കുന്നവരും ആയ വൈദികരും അല്മായരുമായ സഭാമക്കൾ മലങ്കര സഭയുടെ പഠിത്തവീടായ പഴയസെമിനാരിയിൽ 2016 ജൂൺ 14ന് ഒത്തുചേരുന്നു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഡൽഹി ഭദ്രാസനത്തിൻെറ നേതൃത്വത്തിൽ നടക്കുന്ന സംഗമം ഇത് രണ്ടാം തവണയാണ് നടത്തപ്പെടുന്നത്. 2011 ജൂൺ മാസത്തിൽ പരുമലയിൽ വച്ചാണ് ആദ്യ തലമുറസംഗമം നടത്തപ്പെട്ടത്. തലമുറസംഗമത്തിൽ ആദ്യകാലപ്രവർത്തകരെ പരിചയപ്പെടുവാനും പരിചയം പുതുക്കുവാനും ഉള്ള അവസരം ആണ് ലഭിക്കുന്നത്. ഡൽഹി ഭദ്രാസനത്തിൻെറ പ്രഥമമെത്രാപ്പോലീത്തായും ലോകപ്രശസ്ത ചിന്തകനും ആയിരുന്ന കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കബറിടത്തിൽ നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനയോടെ സമ്മേളനം ആരംഭിക്കും. സഭയിലെ മെത്രാപ്പാലീത്താമാരും വൈദികരും നേതൃത്വം നല്കുന്ന സംഗമത്തിൽ സാംസ്കാരിക, രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കും.

ഡൽഹി ഭദ്രാസന തലമുറസംഗമത്തിൻെറ ഓൺലൈൻ രജിസ്ട്രഷൻ മാർച്ച് 27-ാം തീയതി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിഡൻറ് അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് ഉത്ഘാടനം ചെയ്തു. ഫാ. ഷാജി ജോർജ്ജ്, ഫാ. ജോൺസൺ ഐപ്പ്, ഫാ പോൾ തോമസ്. ഫാ. യൽദോ കുറിയാക്കോസ് എന്നിവർ സംബന്ധിച്ചു.

തലമുറസംഗമത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓൺലൈൻ രജിസ്ടേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണ്. www.marthoman.tv എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൺവീനേഴ്സുമായി ബന്ധപ്പെടേണ്ടതാണ്. കൺവീനേഴ്സ് ശ്രീ. റോണി വി സകറിയ 9810427740/ ശ്രീ. ഷിജു ഡാനിയേൽ 9999815348.



തലമുറസംഗമത്തിൻെറ ഓൺലൈൻ രജിസ്ട്രേഷൻെറ ഉത്ഘാടനം ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിഡൻറ് അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് നിർവഹിക്കുന്നു. ഫാ. ഷാജി ജോർജ്ജ്, ഫാ. ജോൺസൺ ഐപ്പ്, ഫാ പോൾ തോമസ്. ഫാ. യൽദോ കുറിയാക്കോസ് എന്നിവർ സമീപം.

# Visit to St. George Orthodox Church, Haridwar

Adv. Robin Raju

I am not good at writing travelogues and I have never been inclined in doing so. But this short visit to the holy land , Haridwar had left such indelible imprints in mind that I could not desist myself from sharing my travel experience.

This trip to Haridwar was not well planned nor was it in mind for days , it all started with a phone call from Mr. Jojy Ninan ( the Editor of this Magazine) who asked me whether I could accompany him to go to Haridwar. I was initially a little reluctant to be absent from my parish on Good Friday day but then after a pondering a little, I gave Jojy bhaiya a call to tell that I will be there with him. On hearing my positive response he quickly made all the necessary travel arrangements.

So it was on Thursday afternoon that we boarded the train from New Delhi Railway Station, and in a few hours time, we saw ourselves stepping out at the Haridwar Railway station . After stepping out of the train I kind of experienced a feeling that a light breeze had just swayed over my face. That breeze made me feel spiritually fresh like never before and it was also enough to make me realize why the place is so very special.

Coming to the prime purpose behind our visit to Haridwar, it was not to have a glimpse of worth seeing spots , but was to lead the Good Friday service for 3-4 of our Orthodox Church families, who thanks to BHEL have a small but blessed church there for worship. It may not be out of place to also mention that for both me and Jojy bhaiya the thought of leading a Good Friday service was scary initially as we are neither singers nor very well versed with worship songs like some of our senior altar assistants , still we decided to go to Haridwar because of



the feeling that God wants us to be there and he will make us give our best, which we eventually did. Now as I am penning my Haridwar experience, I am also feeling how right we were to go to the holy land Haridwar & visit our church there and meet a bunch of believers (members of Haridwar church) who embraced us with joy. We were so impressed to see the unity and their desire to worship God even if there are no priests. We also came to know that they open the church and pray on every Sundays and other special days even in the absence of Priests.

This visit to Haridwar also gave us an opportunity to visit Hari Ki Pauri . It was simply mesmerizing to see the beautiful free flowing River Ganga , where scores of devout people could be seen taking bath and hundreds others sitting at the bank,it was a sight which was one of its kind. All in all it was truly a short but memorable visit to one of the ancient and holiest places of the country.

---



ന്യൂഡൽഹി, ഹോസ്ഖാസ് സെൻറ് മേരീസ്
ഓർത്തഡോക്സ് കത്തീഡ്രലിൽ
ദീർഘകാലം വിവിധ സ്ഥാനങ്ങളിൽ
സ്തുത്യർഹ്യ സേവനമനുഷ്ഠിച്ച
**സി.ജി.പത്രോസ്**
സാറിൻെറ ദേഹവിയോഗത്തിൽ (13.04.2016)
ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.



യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ
മാർത്തോമ്മാ സഭ മുൻ ഡൽഹി
ഭദ്രാസനാധിപൻ എബ്രഹാം മാർ പൗലോസ്
എപ്പിസ്കോപ്പായെ സന്ദർശിച്ചപ്പോൾ.




കൊറിയൻ എൻജിഒ HWPL നടത്തിയ ഡയലോഗിൽ ക്രിസ്ത്യൻ
കമ്മ്യൂണിറ്റിയെ പ്രതിനിധികരിച്ച് കത്തീഡ്രൽ
ഫാ. ഷാജി ജോർജ്ജും അംഗങ്ങളും പങ്കെടുത്തപ്പോൾ



യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ
ജന്മദിനം ഹോസ്ഖാസ് സെൻറ് മേരീസ് കത്തീഡ്രലിൽ
ആഘോഷിച്ചപ്പോൾ



യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ
ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഹോസ്ഖാസ് സെൻറ് മേരീസ്
യുവജനപ്രസ്ഥാനത്തിൻെറ സംഭാവന യൂണിറ്റ് പ്രസിഡൻറ്
ഫാ. ഷാജി ജോർജ്ജ് കൈമാറുന്നു.

## വേറിട്ട ചിന്തകൾ

ഒരു വൃദ്ധൻ നഴ്സിനോട് എനിക്ക് വേഗം പോകണം. ഡോക്ടറോട് എന്നെ ഒന്ന് വേഗം നോക്കി വിടാൻ പറയുമോ? ഒൻപതു മണിക്ക് ഒരു വളരെ അത്യാവശ്യകാര്യമുണ്ട്. ഒരു ആശുപത്രിയിൽ അസ്വസ്ഥനായി ഇരുന്ന ഒരു എൺപതുകാരൻ നഴ്സിനോട് അപേക്ഷിച്ചു. നഴ്സ് ഒരല്പം ദേഷ്യത്തോടെ കാത്തിരിക്കാൻ പറഞ്ഞു. ഡോക്ടർ മുറിയിലേക്ക് കയറുമ്പോൾ ഇദ്ദേഹം ഓടിച്ചെന്ന് പറഞ്ഞു. "എന്നെ ദയവായി വേഗം നോക്കി വിടുമോ? ഇപ്പോൾ എട്ടര ഒൻപതു മണിക്ക് എനിക്ക് വളരെ അത്യാവശ്യമായ ഒരു കാര്യമുണ്ട്. നഴ്സ് അയാളെ മാറ്റാൻ ശ്രമിക്കുമ്പോൾ ഡോക്ടർ അയാളുടെ ദയനീയ ഭാവത്തിലേക്ക് നോക്കി. അകത്തേക്ക് വരാൻ പറഞ്ഞു. പരിശോധിക്കുമ്പോൾ വീണതും നെറ്റിപൊട്ടി ആഴത്തിൽ മുറിവുണ്ടായതും ചോര പോയതും ഒക്കെ അയാൾ പറഞ്ഞു. മുറിവ് വൃത്തിയാക്കി സ്റ്റിച്ച് ഇട്ട് ഡ്രസ് ചെയ്യുന്നതിനിടയ്ക്ക് എന്തായിരുന്നു പോകാനുള്ള തിടുക്കം എന്ന് ഡോക്ടർ ചോദിച്ചു. "ഭാര്യയ്ക്ക് സുഖമില്ല. അവളുടെ കൂടെ ബ്രേക്ക്ഫാസ്റ്റ് കഴിക്കാൻ എത്തുമെന്ന് ഞാൻ അവൾക്ക് വാക്ക് കൊടുത്തിരുന്നു". അദ്ദേഹം പറഞ്ഞു. "എന്താണ് ഭാര്യയുടെ അസുഖം?" "അൽഷീമേഴ്സ് ആണ്" ഒരല്പം സംശയത്തോടെ, ഡോക്ടർ ചോദിച്ചു "അൽഷിമേഴ്സ്?'' അപ്പോൾ നിങ്ങൾ കൊടുത്ത വാക്ക് അവരെങ്ങനെ ഓർക്കും. ചിരിച്ചു കൊണ്ട് അദ്ദേഹം "വാക്ക് കൊടുത്തത് ഞാൻ അല്ലേ? ഓർക്കേണ്ടതും പാലിക്കേണ്ടതും ഞാൻ അല്ലേ? അവൾക്ക് അസുഖം ഇല്ലാതിരുന്നപ്പോഴും ഞാൻ വാക്ക് കൊടുത്തിട്ട് അത് നടത്താൻ അവൾ എൻെറ പുറകെ നടക്കേണ്ടി വന്നിട്ടില്ല. പിന്നെ ഓർമ്മയുടെ കാര്യം ചോദിച്ചില്ലേ? കഴിഞ്ഞ അഞ്ചു വർഷമായി അവൾ എന്നെ തിരിച്ചറിഞ്ഞിട്ടില്ല. പക്ഷേ എനിക്കറിയാമല്ലോ, അവൾ എൻെറ ആരാണെന്ന്. അതുകൊണ്ട് എനിക്ക് പോയേ പറ്റൂ. എൻെറ വാക്കാണത്.

# Nehemiah: The Captive Who Became a Leader

**Author – Asha Varghese**



Nehemiah was a captive who rose to the position of a governor because he had a heart to serve God and His people. He was a slave in the land of captivity when news reached him that the walls of Jerusalem had been broken down and the gates burnt with fire.

His desire to rebuild the walls caused him to return to Jerusalem. His story contains several leadership lessons.

Lesson number one; a leader must take the initiative. Initiative means the power to act or take charge before others do. A leader that fails to take the initiative is not a leader. Long before Nehemiah heard that the walls had been broken down and the gates burned with fire, others had heard; as matter of fact there were people in Jerusalem when the walls were broken down but they did nothing about it. Nehemiah heard and immediately took the initiative to return to Jerusalem and rebuild the walls. This is one quality that separates a leader from followers.

Lesson number two; a leader must accept responsibility. Many in leadership positions fail to realize that a leader is called to take responsibility. Nehemiah accepted responsibility of building the broken down walls of Jerusalem. He also accepted spiritual responsibility of going before God in prayers and asking for forgiveness for his nation.

Lesson number three; a leader must have a clear vision. Vision tells the leader where he should go and a man who has no vision is a man who does not know where he is going. Nehemiah had a vision, to rebuild the walls of Jerusalem which had been broken down.

Lesson number four; a leader must be able to communicate the vision to the people. The Bible talks about writing the vision and making it clear so that the one that reads it may run with it. No one can run with a vision that is not clear and so it is important that a leader is able to communicate the vision clearly to the people. However, before a leader communicates the vision, he must ensure it is clear to him. Nehemiah communicated the vision to the people but it is interesting to note that when he first arrived in Jerusalem he did not immediately do this; rather he spent time viewing the damaged walls. I believe he was trying to evaluate the situation first hand so as to have clarity of the vision before communicating it to the people. This is very important and a leader must never communicate to the people a vision that is not yet clear to him.

Lesson number five; a leader must get the people to buy in to the vision. It is not enough for the leader to communicate the vision; he must get the people to buy in to it. Nehemiah did not stop at communicating the vision he got the people to buy in. He carefully explained to the people the present situation then charged them to arise and build and went on to tell them why they must build. In getting people to buy in to a vision, a leader must carefully point out to the people what they stand to gain, or why they should buy into the vision.

Lesson number six; a leader must be ready to face the opposition. As soon as the people arose to build the walls, opposition also arose. Sanballat, Tobiah and Geshem laughed the people to scorn and Nehemiah spoke up and answered them. Opposition will always arise against the fulfilment of a vision and when it does the leader must be ready to face it; this is his responsibility.

Lesson number seven; a leader must refuse distraction. The purpose of opposition is to distract a person or a people from the pursuit of a vision. Opposition usually targets the leader because he bears the vision that drives the work and the easiest way to stop the vision is to stop the leader through distraction. Once, Sanballat and company called for a meeting with Nehemiah but he responded thus, "I am doing a great work, so that I cannot come down; why should the work cease, whilst I leave it, and come down to you?" Nehemiah refused to allow the opposition distract him and stop the work.

*A good leader must stay focused until the vision is fulfilled.*

# പാമ്പാടി തിരുമേനിയുടെ
## ജീവിത ചരിത്ര ഫലകങ്ങൾ



**1885 ഏപ്രിൽ 4 :** പാമ്പാടി കരിങ്ങണാമറ്റം കുടുംബത്തിൽ പേഴമറ്റം ശാഖയിൽ മൂലക്കര വീട്ടിൽ ചാക്കോച്ചന്റേയും ഇളച്ചിയുടെയും പുത്രനായി ജനിച്ചു. ബാല്യകാലനാമം – കറിയാച്ചൻ

**1899 ഫെബ്രുവരി 5:** പാമ്പാടി വലിയ പള്ളിയിൽ വച്ച് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശ്ശപ്പട്ടം സ്വീകരിച്ചു. (14–ാം വയസ്സിൽ)

**1906 ജൂലൈ 28:** പാമ്പാടി വലിയ പള്ളിയിൽ വച്ച് മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശ്ശാപ്പട്ടം സ്വീകരിച്ചു. (21–ാം വയസ്സിൽ)

**1906 ജൂലൈ 29 :** പാമ്പാടി വലിയ പള്ളിയിൽ വച്ച് മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. (21–ാം വയസ്സിൽ)

**1911 സെപ്റ്റംബർ :** മെത്രാൻ സ്ഥാന തെരഞ്ഞെടുപ്പ്. മലങ്കര സഭ അസോസിയേഷൻ – കോട്ടയം എം. ഡി. സെമിനാരി – അദ്ധ്യക്ഷൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്. ഗീവർഗ്ഗീസ് റമ്പാൻ, പുന്നൂസ് റമ്പാൻ എന്നിവരോടൊപ്പം പൊത്തൻപുറത്ത് കുറിയാക്കോസ് റമ്പാനേയും തെരഞ്ഞെടുത്തു.

**1913 ഓഗസ്റ്റ് 30:** പൊത്തൻപുറം കാട്ടിലേക്ക്. ഗുരു മഠത്തിലാശാൻ പൊത്തൻപുറം കുന്നിൽ തന്റെ വകയായിരുന്ന 12 ഏക്കർ വനപ്രദേശം നാമമാത്ര വിലയ്ക്ക് ശിഷ്യന് എഴുതിക്കൊടുത്തു.

**1914 മേയ് 25:** പൊത്തൻപുറം കാട്ടിൽ റമ്പാച്ചനു വേണ്ടി സ്നേഹിതന്മാർ ഒരു പർണ്ണശ്ശാല സ്ഥാപിച്ചു.

**1914 ജൂൺ 15:** കുറിയാക്കോസ് റമ്പാച്ചൻ പൊത്തൻപുറം കുന്നിൽ രാപാർത്തു.

**1914 ജൂലൈ 30:** മാർ കുറിയാക്കോസ് സഹദായുടെ പെരുന്നാൾ ദിവസം ദയറാക്കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി.

**1090 മകരം 15:** താത്കാലിക ദേവാലയത്തിൽ റമ്പാച്ചൻ പ്രഥമ ബലി അർപ്പിച്ചു.

**1920 മെയ് 28:** യൂയാക്കീം മാർ കൂറീലോസ് മെത്രാപ്പോലീത്താ രണ്ടാം ദയറാപ്പള്ളിയുടെ ശിലാസ്ഥാപനം നടത്തി.

**1923 ജനുവരി 23:** ദയറാ പള്ളി കൂദാശ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്. വാകത്താനത്ത് മാർ പീലക്സീനോസ്.

**1929 ഫെബ്രുവരി 16:** മെത്രാൻ സ്ഥാനം സ്വീകരിച്ചു. കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്, ബഥനിയുടെ മാർ ഈവാനിയോസ് എന്നിവരുടെ സഹകരണത്തിൽ കോട്ടയം ഭദ്രാസനത്തിനുവേണ്ടി മെത്രാൻ സ്ഥാനം നൽകി.

**1110 മകരം 30:** കുന്നംകുളത്ത് പ്ലേഗ് രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് രോഗശാന്തിക്കുള്ള ശുശ്രൂഷകൾ നടത്തുകയും ചെയ്തു.

**1965 ഏപ്രിൽ 5:** കർതൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു.


**MATRIMONIAL**

Orthodox parents seeks alliance for their single daughter (34 years, B/B in Delhi, M.com & MBA working with a MNC in Delhi ) invites proposals from qualified professionals.
Contact. Nos. 9953710067 / 011-26102277

# ഡൽഹി ഭദ്രാസനത്തിലെ യുവപ്രതിഭകൾ



SCARIA CHACKO
ST. GREGORIOS JANAKPURI
Bible Reading (Malayalam)
WINNER



JAYA BIJU
ST MARY'S FARIDABAD
Bible Reading (Malayalam)
2nd PRIZE



ANU JABI
ST THOMAS GHAZIABAD
Bible Reading (Malayalam)
3rd PRIZE



ANUROOP BASIL VARGHESE
MAR GREGORIOS NOIDA
BIBLE READING (ENGLISH)
WINNER



ANJITA JOHN
ST GREGORIOS GURGAON
Bible Reading (English)
2nd PRIZE



SHEEBA SMITH
ST MARY'S HAUZ KHAS
Bible Reading (English)
3rd PRIZE



SHINU SAJU,
ST THOMAS GHAZIABAD
Essay Writing
WINNER



ROSLY RAJU,
ST THOMAS SARITA VIHAR
ESSAY WRITING
2nd PRIZE



BINI`SAMUEL
ST MARY'S FARIDABAD
ESSAY WRITING
3rd PRIZE



NIKHIL M. VARGHESE
ST MARYS HAUZ KHAS
ELOCUTION
WINNER



GOLDY P. VARGHESE,
ST JAMES MAYUR VIHAR -3
ELOCUTION
2nd PRIZE



ANJITA JOHN
ST GREGORIOS GURGAON
ELOCUTION
3rd PRIZE



ANNA MARY ALEX,
ST THOMAS SARITA VIHAR
SOLO SONG (LADIES)
WINNER



PREETI SCARIA,
ST GREGORIOS, JANAKPURI
SOLO SONG (LADIES)
2nd PRIZE



JINCY JOHNSON
ST GREGORIOS GURGAON
SOLO SONG (LADIES)
3rd PRIZE



ROMY PONNACHAN
ST STEPHEN DILSHAD GARDEN
SOLO SONG (GENTS)
WINNER



SKARIA CHACKO,
ST GREGORIOS, JANAKPURI
SOLO SONG (GENTS)
**2nd PRIZE**



AUSTIN JUDE GEORGE,
ST JAMES MAYUR VIHAR - 3
SOLO SONG (GENTS)
**3rd PRIZE**



ANUROOP & BETTY
MAR GREGORIOS NOIDA
BIBLE QUIZ
**WINNER**



RENJIN & SAJINI
ST MARY'S FARIDABAD
BIBLE QUIZ
**2nd PRIZE**



LIJY DAVIS & SHIRLY LOVEJEEN
ST THOMAS GHAZIABAD
BIBLE QUIZ
**3rd PRIZE**



MARINA SUBIN,
ST MARYS FARIDABAD
INSTRUMENT MUSIC (KEY BOARD)
**WINNER**



SAINU ABRAHAM,
ST STEPHEN DILSHAD GARDEN
INSTRUMENT MUSIC (KEY BOARD)
**2nd PRIZE**



DAVIS DANIEL,
ST THOMAS SARITA VIHAR
INSTRUMENT MUSIC (KEY BOARD)
**3rd PRIZE**




ST MARYS, HAUZ KHAS
CHOIR
**WINNER**



MAR GREGORIOS, NOIDA
CHOIR
**2nd PRIZE**



ST GREGORIOS, JANAKPURI
CHOIR
**3rd PRIZE**

# പരി.വട്ടശ്ശേരിൽ തിരുമേനി സഭാസ്നേഹത്തിൻെറ ഉടമ



എം. എസ്. വർഗീസ്
ഡപ്യൂട്ടി ഡയറക്ടർ, സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ

അതുല്യമായ ദൈവാശ്രയവും അനുപമമായ സഭാസ്നേഹവും അനന്യ സാധാരണമായ ബുദ്ധി ശക്തിയാലും ധന്യമായ പ്രാർത്ഥനാ ജീവിതം. പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയെപ്പറ്റി ഓർക്കുമ്പോൾ ഓടിയെത്തുന്നത് ഇതൊക്കെയാണ്. 1858 ഒാക്ടോബർ 31ന് മല്ലപ്പള്ളിയിൽ വട്ടശ്ശേരിൽ ഔസേപ്പിൻെറയും ഏലിയാമ്മയുടെയും ഒൻപത് മക്കളിൽ ഏറ്റവും ഇളയവനായി ജനിച്ചു. മല്ലപ്പള്ളിയിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം സിഎംഎസ് സ്കൂളിൽ നിന്ന് നേടി. പതിനെട്ടാം വയസ്സിൽ പരിശുദ്ധ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് പുതുപള്ളി പള്ളിയിൽ വച്ച് ശെമ്മാശപട്ടവും ഇരുപത്തിരണ്ടാം വയസ്സിൽ പരിശുദ്ധ പരുമല തിരുമേനിയിൽ നിന്ന് വൈദികപട്ടവും സ്വീകരിച്ചു.

പ്രതികൂലങ്ങളെ ഭയപ്പെടാതെ നേരിടാനുള്ള ഒരുക്കവും സത്യത്തെ മുറുകെ പിടിക്കുന്ന സുസ്ഥിരമായ നിലപാടും വട്ടശ്ശേരിൽ തിരുമേനിയുടെ പ്രത്യേകതയായിരുന്നു. പ്രതിസന്ധിയും എതിർപ്പും വൈഷമ്യങ്ങളും വിജയത്തിലേക്കുള്ള ചവിട്ടുപടികളാക്കി ജീവിതം നയിച്ച പരിശുദ്ധ പിതാവ് ഭൗതിക അധികാരവും ആത്മീയ അധികാരവും സഭയിൽ നിക്ഷിപ്തമായിരിക്കണമെന്ന് ഉറച്ച നിലപാടെടുക്കുകയും അതിനുവേണ്ടി പോരാടുകയും ചെയ്തു. ജീവിച്ചിരുന്നപ്പോൾ ഈ പിതാവ് സഭയ്ക്ക് ഒരു കോട്ടയായി നിലകൊണ്ട് ഇന്ന് സഭാമക്കൾക്ക് കാവലായി നിലകൊള്ളുന്നു.

വിദേശാധിപത്യത്തിൽ നിന്നും വിടുതൽ നേടി സ്വന്തം കാലിൽ നിന്നുകൊണ്ട് സ്വധർമ്മം പൂർത്തീകരിക്കണമെന്ന് - അതും ലളിതമായ ജീവിതശൈലിയിലൂടെ, ശക്തമായ പ്രാർത്ഥന ജീവിതത്തിലൂടെ നേടിയെടുക്കുവാൻ തിരുമേനിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു.

എനിക്ക് തോന്നുന്നത് അദ്ദേഹത്തിൻെറ ജനനസമയം തന്നെ. 1858 - ഭാരതത്തെ സംബന്ധിച്ചിടത്തോളം 1857 മറക്കാനാവാത്ത വർഷമാണ്. ശിപായിലഹള എന്ന് ഇംഗ്ലീഷുകാർ പുച്ഛിക്കുകയും ഓരോ ഭാരതിയനും ഒന്നാം സ്വാതന്ത്ര്യസമരം എന്ന് അഭിമാനം കൊള്ളുകയും ചെയ്ത വർഷം. തുടർന്നുള്ള കാലഘട്ടം ദേശസ്നേഹിയായ ഓരോ ഭാരതീയനേയും പുളകം കൊള്ളിച്ച വിദേശാധിപത്യത്തിനെതിരെയുള്ള സമരങ്ങളുടെതായിരുന്നു. റാണി ലക്ഷ്മിഭായിയും ഭാദാഭായി നവറോജിയും തിരുമേനിയെ സ്വാധീനിച്ചുകാണും. "Freedom is my birth right. I will have it" എന്ന ബാലാഗംഗാധരതിലകിൻെറ ദൃഢനിശ്ചയം പുളകം കൊള്ളിച്ചുകാണും.

ടിപ്പുസുൽത്താൻെറയും വേലുത്തമ്പിദളവയുടെയും ഐതിഹാസികപോരാട്ടങ്ങൾ ആ ഹൃദയത്തിൽ വിദേശാധിപത്യത്തിനെതിരെ വിത്തുപാകിയിട്ടുണ്ടാകും. ഇതിൻെറ ഫലമായി എൻെറ സഭയും സ്വാതന്ത്ര്യം അതു ഭൗതികമായും ആത്മീയമായും നേടിയെടുക്കുമെന്നും കാത്തുസൂക്ഷിക്കുമെന്നും ദൃഢപ്രതിജ്ഞയെടുത്ത് ധന്യമാക്കി തീർത്തു ആ ജീവിതം.

റോയൽ കോടതിയിൽ ഉണ്ടായ വാദം ഇതായിരുന്നു "മലങ്കരസഭ അന്ത്യോഖ്യൻ സഭയുടെ ഭാഗമാണ്. മെത്രാന്മാർ പാത്രിയർക്കീസിനെ അനുസരിച്ചു നടക്കണം. സ്വത്തുക്കൾ എല്ലാം അന്ത്യോഖ്യൻ പാത്രിയർക്കീസിൻെറയും അവരെ



അനുകൂലിക്കുന്നവരുടെയും ആകണം." റോയൽ കോടതി വിധിയിൽ ഈ ആവശ്യങ്ങൾ നിരാകരിക്കപ്പെട്ടു. ആത്മികധികാരത്തോടൊപ്പം ലൗകികാധികാരങ്ങളും വേണമെന്നു വാശിപിടിച്ചവരുടെ മുൻപിൽ സഭയുടെ കോട്ടയായി കൊടുങ്കാറ്റായി തിരുമേനി. ഇതിൻെറ അനന്തരഫലമാണ് 1912 കാതോലിക്കേറ്റ് പുനസ്ഥാപനം മലങ്കരയിൽ ഉണ്ടായത്. പക്ഷേ വിമർശനങ്ങളും ആക്ഷേപങ്ങളും മുടക്കുകളും ഒക്കെ നേരിട്ടു. കൂടെ നിന്നു എന്ന് വിശ്വസിച്ചവർ കളം മാറ്റി ചവിട്ടി. വിശ്വാസമാകുന്ന പാറയിൽ, പ്രാർത്ഥനയുടെ ശക്തിയിൽ, സന്യാസജീവിതത്തിൻെറ ലാളിത്യത്തിൽ ജീവിച്ച തിരുമേനിയെ ഇതൊന്നും തളർത്തിയില്ല. വെല്ലിംഗടൺ പ്രഭുവിനെപ്പറ്റി ടെന്നിസൺ പറഞ്ഞു. "തൻെറ ആയുഷ്കാലമൊക്കെയും രഹസ്യവും പരസ്യവുമായി ചെയ്തിട്ടുള്ള സകലസംഗതികളും വെളിപ്പെടുന്ന പക്ഷം ലജ്ജിക്കേണ്ടതായി യാതൊന്നുമില്ല.... അഭിമാനിയ്ക്കാൻ മാത്രം ഒരു ജീവിതം". വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് നമുക്കും അഭിമാനപൂർവ്വം പറയാൻ കഴിയുന്ന വാചകങ്ങൾ.

**അതിശക്തനായ ഈ പിതാവിൽ നിന്നും നാം ദർശിക്കുന്ന ഗുണങ്ങൾ.**

1. **സാമ്പത്തികവിനിയോഗത്തിൽ സുതാര്യതയും സത്യസന്ധതയും**

   സഭയുടെ അക്കൗണ്ട് അദ്ദേഹത്തിൻെറയും അക്കൗണ്ട് ആയിരുന്നു. പരിശുദ്ധ പിതാവിന് ലഭിച്ച കൈമുത്തും സംഭാവനയും സഭയുടെ അക്കൗണ്ടിലായിരുന്നു നിക്ഷേപിച്ചിരുന്നത്.

2. **കാലത്തിനൊപ്പം വളരുന്ന വ്യക്തിത്വം**

   ജീവിതകാലം മുഴുവനും വിദ്യാർത്ഥിയായിരുന്നു. അറിവിൻെറ ചക്രവാളങ്ങളെ വികസിപ്പിച്ചു കൊണ്ടേയിരുന്നു. കാത്തോലിക്കാ ഭരണഘടനയുടെയും (എപ്പിസ്കോപ്പൽ) ആഗ്ലിക്കൻ ഭരണഘടനയുടെയും (ജനായത്തഭരണ ശൈലി) നന്മയെ ഉൾക്കൊണ്ട് കാലോചിതമായ മാറ്റങ്ങൾ വരുത്തിയ ഭരണഘടന സഭയ്ക്കുണ്ടാകുവാനായി നടപടികൾ എടുത്തു. പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിൻെറ 'മിക്സട് എക്കോണമി' ദീർഘവീക്ഷണത്തോടെ സ്വന്തം സഭയിൽ നടപ്പിലാക്കി.

**3. മുഖസ്തുതിയേയും കാപട്യത്തേയും വെറുക്കുന്ന ആത്മീയ പൗരുഷം**

മലങ്കര സഭയുടെ കാവാലായ ഈ പരിശുദ്ധ പിതാവ് സ്വന്തം കണ്ണുകളും ചെവികളും മസ്തിഷകവും അതീവജാഗ്രതയോടെ മാത്രം ഉപയോഗിച്ചു. മുഖസ്തുതിയിൽ വീണില്ല, അമിതമായി ആഹ്ളാദിച്ചില്ല. കാപട്യത്തെ തിരിച്ചറിഞ്ഞു. എല്ലാം മറന്നും ക്ഷമിച്ചും ദൈവസ്നേഹത്തിൽ നീങ്ങി.

**4. സന്യാസജീവിതത്തിൻെറ ലാളിത്യം**

നിസംഗതയും നിർഭയവും പ്രാർത്ഥനയും കൈമുതലായിരുന്ന തിരുമേനി സർവ്വസംഗ പരിത്യാഗിയായി നിസംഗതയോടെ ജീവിച്ചു. തത്വം ലംഘിച്ച് സുഖം അനുഭവിക്കുന്നതിനേക്കാൾ തത്വങ്ങൾക്കുവേണ്ടി സുഖം ത്യജിച്ചു. പീഢനങ്ങളും, ആക്ഷേപങ്ങളും സന്യാസജീവിതത്തിനും ഭംഗം വരുത്തിയില്ല. കൊട്ടാരം വിട്ടിറിങ്ങിയ മോശയെപ്പോലെ, നീതിമാനായ ഇയ്യോബിനെപ്പോലെ, സ്വർഗീയസൗഭാഗ്യം ത്യജിച്ച ആത്മനാഥനെപ്പോലെ തിരുമേനി ഓരോ പടവും നടന്നു നീങ്ങി.

**5. പതറാത്ത ആത്മധൈര്യം**

ഏത് പ്രതിസന്ധിഘട്ടത്തിലും പതറാത്ത ആത്മധൈര്യമായിരുന്നു തിരുമേനിയുടെ ശക്തി. നിലപാടുകളെ പൂർണ്ണമായി ശരിവച്ചു ജില്ലാ കോടതി വിധി വന്നപ്പോൾ അമിതമായി ആഹ്ളാദിച്ചില്ല. നിലപാടുകളെ നിരാകരിച്ച ഹൈക്കോടതി വിധി വന്നപ്പോൾ തളർന്നുമില്ല. പ്രാർത്ഥനയോടെ മുന്നേറി ഇങ്ങനെ പാടികാണും ഈ പിതാവ്

“ദോഷമായിട്ടൊന്നും എന്നോടെൻെറ താതൻ ചെയ്കയില്ല

എന്നെയവൻ അടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു

കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാനായ് തീരുന്നു ഞാൻ

കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായ് തീരുന്നു ഞാൻ”

പരിശുദ്ധ തിരുമേനിയുടെ പതറാത്ത ആത്മധൈര്യത്തെ സൂചിപ്പിക്കുന്ന ഒരു സംഭവം പറയാം. സഭയിൽ അസമാധാനം നിലനിന്നിരുന്ന കാലം. വിലക്കുകൾ ലംഘിച്ച് കുന്നംകുളം പള്ളിയിൽ എഴുന്നെള്ളാൻ തീരുമാനിച്ചു. സന്ധ്യാപ്രാർത്ഥന സമയത്ത് അപഹാസ്യനാക്കി അറസ്റ്റ് ചെയ്യുവാൻ എതിർപക്ഷവും പദ്ധതിയിട്ടു. തീരുമാനിച്ചപ്രകാരം തിരുമേനി കുന്നംകുളം പള്ളിയിൽ എഴുന്നെള്ളി. തിങ്ങിനിറഞ്ഞു നിൽക്കുന്ന വിശ്വാസികളോടൊപ്പം സന്ധ്യാനമസ്ക്കാരത്തിന് മുഖ്യകാർമികനായി.

ഏവൻഗേലിയോൻ വായിക്കാൻ സമയമായി പടിഞ്ഞാറോട്ട് തിരിഞ്ഞ് ഭക്തജനങ്ങൾക്ക് സമാധാന വാഴ്‌വ് നൽകുന്ന സമയത്ത് പോലീസ് അധികാരികൾ പള്ളി അങ്കണത്തിൽ പ്രവേശിച്ചു.

കത്തിച്ച മെഴുകുതിരിയുടെ പ്രകാശത്തിൽ ആ മുഖം ഒട്ടും വാടിയില്ല, പരിഭ്രമിച്ചതുമില്ല. മറിച്ച് സമാധാനത്തോടെ ആത്മീയ ചൈതന്യത്തോടെ അസാധാരണ മുഖകാന്തിയാൽ സന്ധ്യനമസ്ക്കാരം പൂർത്തീകരിച്ചു.

അതിശക്തമായ ജീവിതനിഷ്ഠ, ലളിതമായ ജീവിതശൈലി, മുടങ്ങാതെയുള്ള യാമപ്രാർത്ഥന, ഏകാന്തമായ രാത്രീനമസ്ക്കാരം, നോമ്പാനുഷ്ഠാനങ്ങൾ ഇതൊക്കെയായിരുന്നു തിരുമേനിയുടെ ജീവിതശൈലി. പരിശുദ്ധ പിതാവിനെ ശക്തനാക്കിയതും ഇത് തന്നെ.

ഒരിക്കൽ ഒരു സംഘം വാടകക്കൊലയാളികൾ ഓടിളക്കി തിരുമേനിയെ കിടപ്പുമുറിയിൽ രാത്രിയിൽ വധിക്കുവാൻ പദ്ധതിയിട്ടു. രാത്രിയിൽ ഓടിളക്കി കിടപ്പുമുറിയിലേക്കിറങ്ങാൻ ഒരുങ്ങിയ കൊലയാളികൾ തിരുമേനിയെ കണ്ടു തിരികെപ്പോയി. കാരണം രാത്രിയുടെ ഏകാന്തതയിൽ മുട്ടിന്മേൽ നിന്ന് കണ്ണീരോടെ പ്രാർത്ഥിക്കുന്ന തിരുമേനിയെയാണ് അവർ കണ്ടത്. പരിശുദ്ധ പിതാവിൻെറ പ്രാർത്ഥനാജീവിതം കൊലയാളികളെപ്പോലും തെറ്റിൽ നിന്നും പിന്തിരിപ്പിച്ചു.

ഒരിക്കൽ പിതാവ് തൻെറ ശെമ്മാശ്ശനോട് പറഞ്ഞു “പട്ടക്കാരുടെയും മേൽപ്പട്ടക്കാരുടെയും ജീവിതത്തിൽ ശത്രുക്കളുണ്ടാകരുത്. എല്ലാവരോടും സ്നേഹമായിരിക്കണം കാരണം അവർ എല്ലാവരുടെയും പിതാക്കന്മാരാണ്. നമ്മുടെ തലമുറയ്ക്ക് പരിശുദ്ധ തിരുമേനി അതിശക്തമായി നല്കുന്ന സന്ദേശവും ഇതാണ്.

ഇനിയും ആ കാലഘട്ടത്തിലെ ഭൗതിക സാമ്പത്തിക സാഹചര്യം എന്തായിരുന്നു എന്ന് നോക്കാം. സഭ ഏറ്റവും ദരിദ്രമായ സാഹചര്യങ്ങളിലൂടെ നീങ്ങിയ സമയം, നവീകരണപ്രസ്ഥാനങ്ങളോടുള്ള ചെറുത്തു നില്പിൻെറ കാലഘട്ടം. വ്യവഹാരങ്ങൾ സഭയുടെ സാമ്പത്തിക നില മോശമാക്കി അതോടൊപ്പം അന്തോക്യൻ സഭയിൽ നിന്ന് വിഭാഗീയ പ്രവർത്തനങ്ങൾ നടമാടിയിരുന്ന കാലം.

എങ്കിലും പരിശുദ്ധ തിരുമേനി സഭയെ ഭൗതീകമായി വളർത്തി. ദേവാലയങ്ങളും ദയറാകളും വിദ്യാഭ്യാസസ്ഥാപനങ്ങളും തുടങ്ങി സഭയുടെ അടിസ്ഥാന അടിത്തറ ശക്തമാക്കി. പാമ്പാടിയിലെ താബോർ ദയറാ, കണ്ടനാട് ഭദ്രാസനത്തിലെ കർമ്മേൽ ദയറാ, സുവിശേഷീകരണത്തിന് സ്ലീബാദാസസമൂഹം എന്നിവ അകാലഘട്ടങ്ങളിൽ ആരംഭിച്ചതാണ്. അന്ന് തുടങ്ങിയ സ്കൂളുകളുടെ പേരുകൾ നമ്മെ അമ്പരിപ്പിക്കും. ഒപ്പം അത്ഭുതപ്പെടുത്തും കാരണം ഇപ്പോഴും ഈ വിദ്യാലയങ്ങളാണ് സഭയുടെ അഭിമാനകരമായ സ്ഥാപനങ്ങൾ. ചില ഉദാഹരണങ്ങൾ ഇവയാണ് – വെണ്ണിക്കുളം എം.ഡി.സ്കൂൾ, കുണ്ടറ എം.ജി.ഡി.എം., പുതുപ്പള്ളി സെൻറ് ജോർജ്, കടപ്ര സെൻറ് തോമസ്, നിരണം സെൻറ് മേരീസ്, പുതുശ്ശേരി എം.ജി.ഡി, തിരുമൂലപുരം ബാലികാമഠം, പത്തനാപുരം മൗണ്ട് താബോർ (ലിസ്റ്റ് അപൂർണ്ണമാണ്.)

വീണ്ടും പ്രിയപ്പെട്ടവരെ, സഭയുടെ ലൗകിക അധികാരം കാത്ത് ആത്മീയാധികാരം വീണ്ടെടുത്ത്, ഭൗതിക അടിത്തറ വിപുലപ്പെടുത്തിയ സഭയുടെ ഉരുക്ക് കോട്ടയായ ഈ പരിശുദ്ധ പിതാവിൻെറ ജീവിതത്തിൽ നിന്ന് അല്പം വെളിച്ചം പകരുവാൻ ഈ അനുസ്മരണത്തിന് കഴിഞ്ഞെങ്കിൽ അതൊരു ജീവിത സൗഭാഗ്യമായി കരുതുന്നു. ആ പരിശുദ്ധ പിതാവിൻെറ പാവനസ്മരണയ്ക്കുമുമ്പിൽ ശിരസ്സ് നമിച്ച് മദ്ധ്യസ്ഥത അപേക്ഷിച്ച് ഉപസംഹരിക്കുന്നു

**അഭിനന്ദനങ്ങൾ**




ശുശ്രൂഷ ജീവിതത്തിൽ ഗോൾഡൻ ജൂബിലി പിന്നിട്ട
ശ്രീ. ജോസഫ് ഡേവിഡിന് (മോനിച്ചായൻ)
യൂത്ത് വിഷൻെറയും യുവജനപ്രസ്ഥാനത്തിൻെറ
പ്രവർത്തകരുടെയും സ്നേഹം നിറഞ്ഞ ആശംസകൾ

# KUDIL MEET

Fr. Dr. K. M. George

**A New Year *Satsang* at Kudtf-Hermitage 17-19 January 2016**

Some of us friends once again assembled at Kudil- Hermitage in the Peerumedu hills on Sunday, 17 January 2016. There was N.A.Naseer, well- known wild photographer, eco-explorer and writer together with some great nature lovers and trekkers, Harilal - eco- joumalist and writer, Manoj- teacher and Karate master, Harish- Herpetologist (studying reptiles and amphibians) and adventurer, Vinu - researcher in Human Rights and Bio Diversity and Ornithologist , Bino - artist and professional photographer, Sanjay the priest, Alex the deacon and me. Naseer and Vinu were visiting the Kudil for the second time.






When we arrived at Munnattumukku (confluence of three mountain streams) it was already dark, and a deep quiet had enveloped the surroundings. As we climbed the rather steep and rough stony path to Kudil in the dark with heavy backpacks we could hear the gurgling of the forest streams behind us. They were singing day and night, and the meeting of streams amidst the very picturesque rock formation produced a hilarious sound.



We prepared tea and a little fire in front of the hut. As our friends unpacked and began to settle down, we priests sneaked into the chapel of Transfiguration for the evening prayer of the three-day Nineveh Fast to begin next day.

The "chapel" is a very simple structure of bamboo and dry grass around a living mango tree symbolising the Tree of Life and a large boulder under the tree as the Altar. On our return from the chapel our friends said they too would like to join the prayer next time.










In the evening as we priests chanted the evening prayer in Malayalam and Syriac and made many prostrations in the chapel the rest of the group joined us. Fr Tiju and Deacon Rohith newly arrived. I explained to our friends coming from very different backgrounds the story of the prophet Jonah in the Bible and how the traditional Moonnu Nompu (3- day Fast) was woven around the theme of the moral decadence of the great city of Nineveh and its eventual repentance and restoration as narrated in the book of Jonah.




The team, except me a senior and physically less fit, spent the whole day trekking and watching birds and butterflies and taking pictures. In between we prepared a simple breakfast, (the now customary *Kudil soup*), out of the left over rice and tapioca mishmash from the previous evening. We had to take good care of our meagre and exhaustible resources. Nothing to be wasted! We considered our hut as the planet Earth in the vast space with diminishing resources for life. The Lunch too was simple with some rice and vegetables prepared by us at Kudil.



After prayer, we sat in a close circle and had a Satsang with meditative- reflection from the members of the group. The focus of our reflection was on our shared communion with Nature, and how we could shape a genuine human community with reference to the spiritual dimension of life and true human values of simplicity, compassion, interconnectedness and creative transcendence.



In the evening we had chapatti and tomato curry with a little rice soup that was concocted from the left over of the leftover from the previous evening. See the power of holy tradition and its unbroken continuity! To make chapattis Vinu flattened with great skill and amazing speed the wheat balls into all possible shapes of various continents like Africa and Australia, and frSanjay instantly baked them over fire with the same skill and speed. 50 chapattis in 20 minutes! Watching them, the rest of us really suspected they had a good thattu kada (street corner food- vending} back ground. Meanwhile deacon Alex was discreetly making tomato curry to go with the chapattis. As the campfire subsided late in to the evening, Mano], with his love for all that is natural, threw raw tapioca pieces into the glowing embers, and we ate the baked delicacy to our heart's delight..



Naseer suggested that part of the new bamboo mesh1

enclosing the veranda of the hut be removed since it I

curtailed our sense of space and freedom. We all agreed 1 with the wise suggestion. It was a simple bamboo | lattice work but firmly fixed to the pillars. Immediately Harish and Bino set to work with small kitchen knives and an iron will in the absence of proper tools. It was hard but they finally "deconstructed" it. Although full of appreciation for them we were also a bit worried about their housebreaking skill! Tai Chi master Nazeer instantly got on to the half -wall from which the bamboo structure had been removed and sat there in a meditative posture like a wise karanavar (head of the collective family) listening to the indoors and the outdoors..

There is no conclusion to this little note since the Kudil experience can never be concluded. Summing up:

Everybody was deeply touched by the rather unplanned experience of strangers from very different backgrounds meeting and living together as long -known friends. Gently entering each other's inner universe and being received warmly was exciting to the core.

People who are capable of eating well and sleeping in comfortable places voluntarily accepted to live even if it is for a short period in "primitive" conditions without any comfort and eating very simple food.

The inner search went deeper in everyone's heart for a new human world marked by the transparent joy of accepting and respecting each other with all differences, of consuming only that which is essential for life, of communing with Nature, of living as one close-knit family, caring and sharing..

It was inspiring to learn from those who take "the road less travelled" in all humility and simplicity..

And then the Silence of the wild and the cosmic Music...

Travellers of the universe, come this way and take us along paths untrodden...

(kmg/26-1-2016)




There were perceptive comments on the Kudil art installation titled "a fan enjoying the breeze", a non-functional fan hanging from a tree, rotated by natural wind. Harilal remarked that the fan could now rotate clockwise and anticlockwise depending on the wind. How true! The fan didn't enjoy that kind of freedom for back and forth movement when it was electrically connected.. Then it could rotate only in one direction. Even technology is liberated from its own constraint, and moves with the natural element of air in all freedom and joy. "The wind blows where it wills... So does the Spirit..." Technology has to be moved and contained by Nature and not the other way round. The message of the art installation was very well perceived and interpreted by the group.

# അഗ്നിജ്വാലയിൽ തേങ്ങി കേരളം

## കൊല്ലം പരവൂർ ക്ഷേത്രത്തിലെ ഉത്സവത്തിനോടനുബന്ധിച്ച് നടന്ന അത്യാഹിതത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ.







ജാതിമതരാഷ്ട്രീയഭേദമെന്യേ ദുരന്തസ്ഥലത്തും ആശുപത്രിയിലും നല്കിയ സേവനം മാതൃകാപരം.





മലങ്കരസഭയിൽ പെരുന്നാളുകളോടനുബന്ധിച്ച് നടത്തപ്പെടുന്ന കരിമരുന്ന് പ്രയോഗവും, വെടിക്കെട്ടും നിരോധിച്ച് കൊണ്ട് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കല്പന പുറപ്പെടുവിച്ചു.

*With best compliments from:*

# മലബാർ ഹോട്ടൽ

മസാല ദോശ, അപ്പം, ഇടിയപ്പം,
ഇഡ്ഡലി, വട, പൊറോട്ട, ഊണ്,
മീൻകറി, ചിക്കൻകറി, ബിരിയാണി, മട്ടൻകറി






**AC / Non-AC Rooms Available.**
**Daily Bus/Car for Delhi, Agra, Haridwar, Shimla, Nainital etc.....**

പ്രൊ. മാത്യു ചെങ്ങന്നൂർ (ആലപ്പുഴ District)

**Reji – 9891424519/9810187204**

Shop No.13, Amrit Kaur Mkt., Opp. New Delhi Railway station
South Indian Hotel Lane, Pahar Ganj, New Delhi-110055

With Best Compliments From :

# Print World

Since 1996

(A House of Printing & Designing)

Our Clients

Common Wealth Human Rights Initiative (CHRI)
Association for Democratic Reforms (ADR)
Hungarion Information &Cultural Centre
Association for Rural and Urban Needy
Voluntary Action Network India (VANI)
Community Empowerment Lab
Geo miller And Co Pvt. Ltd.
Morepen laboratories Ltd.
Rainbow Foundation India
Centre for Equity Studies
MBL Infrastructures Ltd.
Moolchand Hospital
Kusum health Care
Adiva Hospitals
Aman Biradari
Brookes Care
Digital Green
Talwalkars
Texmode
Parikarma
Pratham
Landesa
C-DOC
ICCTAS
Irene
PRIA



Wilson George
9810185402

1743, Basement & First Floor, Uday Chand Marg
Kotla Mubarakpur, New Delhi - 110003
E-mail : printworld96@gmail.com

*With Best Compliments from*

# ZION COMPUTERS PRIVATE LIMITED

- End to End IT solutions
- IT Infrastructure Maintenance Services
- Cyber Security and Infrastructure
- Data Analytics
- Storage Solutions
- Internet of Things (IoT)
- Network & Information Security Solutions

**Shaji Jacob**
Director & CEO
(Mobile: +91 98110 12084 I email: sjacob@ziongroup.com)

B-19, Sanwal Nagar, Sadiq Nagar Market,
Behind Ansal Plaza, New Delhi – 110 049.
Phone: +91 11 2625 0102 (Hunting) I Fax: +91 11 2625 6753
www.Ziongroup.Com

**Regional Offices at : Mumbai, Bangalore, Chennai, Kochi**